PANCHARATRAM NARAYANA MENON

032 2M78:22 F7

032:2M78:22
F7

MUL
041975

Madras University Library.

Date Label.

Ac. No. 41975 Cl. No. 032:2M78 F7

This book should be returned on or before the date last marked below.

- 1 SEP. 1939

19 JAN 1946

[illegible]

28 MAY 1950

ഭാസകൃതിയായ

# പഞ്ചരാത്രം നാടകം.

പരിഭാഷകൻ:

## വള്ളത്തോൾ

പ്രസാധക[illegible]

പള്ളത്ത് രാ[illegible]

Member, Madras University B[illegible] of Studies.

PRINTED AT
THE KRISHNA ELECTRIC PRINTING WORKS,
PALGHAT.

*2nd Edition.*

1102

Price 0—12—0

[VERS]ITY LIBRARY
MADRAS

പകർപ്പവകാശം പരിഭാഷകന്ന്. എല്ലാ പ്രതികളിലും പരിഭാഷകന്റെ ഒപ്പടയാളം കാണും.

ROCHOUSE & SONS.

9775
032:2M78:22
F7

SITY LIBRARY MADRAS 1927

# പ്രസ്താവന.

1927-ാമാണ്ട് നാട്ടുഭാഷകളുടെ അരുണോദയ കാലമാണ്. മദിരാശി സർവ്വകലാശാലക്കാർ ഭാഷാവിഷയം നിർബ്ബന്ധമാക്കിയിരിക്കയാണല്ലൊ. മലയാളത്തിൽ ഒരു മഹാകവിയുടെ കൃതിതന്നെ കലാശാലാ വിദ്യാർത്ഥികൾക്ക് നവീനപാഠപദ്ധതിയിൽ ആദ്യമായ് ആസ്വാദിപ്പാൻ ഇടവന്നതും ശക്കരപ്പന്തലിൽ തേൻമഴ പെയ്യുതുപോലെയാണ്.

ചെന്താമരപ്പൂവിന് ചായംപൂശേണ്ട ആവശ്യമില്ല. കാളിദാസനുപോലും മാർഗ്ഗദർശിയായ ഒരു ഭാരതീയമഹാകവിയുടെ കൃതി; മറ്റൊരുമഹാകവിയുടെ വിവർത്തനം. അഗാധചിന്തകനായ പ്രിയഭ്രാതാ നാലപ്പാടൻതന്നെ അടിത്തട്ടിൽ കടന്നു ആഴംനോക്കിയിരിക്കെ, ഗ്രന്ഥാവലിപ്രകാശകൻെറ ഒഴിക്കാൻവയ്യാത്ത പ്രേരണകൊണ്ടുമാത്രമാണ് വല്ലതും രണ്ടു വാക്കു പറവാൻ സാഹസപ്പെട്ടത്.

പഞ്ചരാത്രം, ലോകപ്രകൃതിയുടെ മൂടുപടം നീക്കിക്കണ്ട ഒരു പരിണതപ്രജ്ഞൻെറ ചിന്താസന്താനമാണ്. ഗൃഹച്ഛിദ്രത്തിൻെറ ഒരു അകൃത്രിമചിത്രമാണ് കവി നമുക്കു കാണിച്ചുതരുന്നത്. തറവാട്ടുമുതൽ ഭാഗിച്ചുകൊടുക്കാതെ താറുമാറാക്കി ദായാദികളുടെ ജീവരക്തം അരിച്ചുകുടിച്ച് കാടുകയറുന്ന സ്വാർത്ഥദേവതകളെ നമ്മുടെ മുമ്പിൽ നഗ്നമായ്നിരത്തി നമുക്ക് അറപ്പും വെറുപ്പും തോന്നിക്കുകയും, സത്യത്തിൻെറ ജയത്തെസ്സാക്ഷാൽകരിക്കയും ചെയ്യുന്നു.

വീരരസം വ്യഞ്ജിപ്പിക്കുന്നതിൽ കവിക്കുള്ള കുശലത കുറച്ചൊന്നുമല്ല. ദേവാസുരഭാവങ്ങളെ പാത്രങ്ങളിൽ നല്ലപോലെ നിഴലിച്ചുകാട്ടുന്നുണ്ട്. പണ്ടത്തെ ഗുരുകുലത്തെ അനുസ്മരിപ്പിക്കുന്ന

തൻബന്ധുമിത്രങ്ങളെയൊക്കയും വി-
ട്ടാചാര്യനിൽച്ചേൽവിതു ശിഷ്യദോഷം;
കിടാവിനെദ്ദേശികനേകിയേച്ചാ-
ലച്ഛന്നുമമ്മക്കുമൊഴിഞ്ഞു ഭാരം.

എന്ന പദ്യം ഗുരുധർമ്മത്തിൻെറ പാരമ്യം അളന്നുകാണിക്കുന്നു. ആ സുവർണ്ണകാലം ഭാരതഭൂമിക്കിനിയെന്നുദിക്കുന്നു?

പരിചിതവസ്തുക്കൾക്ക് കവിത ഒരു പരിവേഷമിടുകയാണല്ലോ ചെയ്യുന്നത്. നാട്ടിലും വീട്ടിലും നടക്കുന്ന ദൈനന്ദിനസംഭവങ്ങൾതന്നെ കവിയുടെ കരുവിൽക്കൂടി വാർത്തു പുറത്തുവരുമ്പോൾ എന്തൊരു മാററം, എന്തൊരു മാധുര്യം? കവിതയ്ക്കു ജീവനില്ലെങ്കിൽ അതു ജീവിക്കയില്ല. അതേ. രണ്ടായിരത്തിൽപരം സംവത്സരത്തിൻെറ സമ്മർദ്ദംകൊണ്ടും തേഞ്ഞുമാഞ്ഞുപോകാതെ ഭാസരൂപകചക്രം ഇതാ തിരിയുന്നു. കാവ്യകലയുടെ മർമ്മസ്ഥാനത്തുതന്നെ കൈയൂന്നിയിട്ടുള്ള ഒരു മഹാകവിയുടെ പരിഭാഷ, മൂലകൃതിയുടെ രസം ഒരിററുപോലും പാഴാക്കിക്കളയുന്നതല്ലല്ലോ. ഭാസൻെറ ഉന്നംപോലെത്തന്നെ സരളവും സ്വാഭാവികവുമായ രീതിയിൽത്തന്നെയാണ് ഈ വിവർത്തനം.

പള്ളത്തു് രാമൻ.

# മുഖവുര

പ്രഭാതത്തിന്നു മുമ്പിൽ ഇരുട്ട്, പുഞ്ചിരിക്കു മുമ്പിൽ മുഖംകറക്കൽ— ഇതു് പ്രകൃതിനിയമമാണ്; അതുപോലെ, കാളിദാസനുപോലും ഉപജീവ്യനായ ഭാസമഹാകവി ഉണ്ടാക്കിയതും ഇന്നത്തെ കേരളകവിസമ്രാട്ടിനാൽ വിവൎത്തനം ചെയ്യപ്പെട്ടതുമായ ഈ വിശിഷ്ടകൃതിക്കുമുമ്പിലും എന്റെ ചില ജല്പനം കാണപ്പെടുന്നതിൽ വായനക്കാർ സമാധാനിക്കട്ടെ.

ഈ പഞ്ചരാത്രം മലയാളത്തിലെ രൂപകങ്ങൾക്കിടയിൽ ഒരു പുതിയ പ്രസ്ഥാനത്തെയാണ് കാണിക്കുന്നതു്. ഇതിന്നു് നാടകം എന്ന പേർ നാട്യകാവ്യം എന്നൎത്ഥത്തിൽ മാത്രമേ യോജിക്കു; സാഹിത്യകാരന്മാർ ഇതിന്നു് 'സമവകാര'മെന്നാണ് പേർ കല്പിക്കുക: പ്രഖ്യാതമായ ഇതിവൃത്തം, ദേവാസുരവൎഗ്ഗത്തിൽപ്പെട്ട പന്തിരണ്ടു ഉദാത്തനായകന്മാർ, മുറക്കു ചെറുതുചെറുതായ മൂന്നങ്കങ്ങൾ, വീരരസത്തിന്നു പ്രാധാന്യം — ഇങ്ങിനെയൊക്കെയാണ് സമവകാരം എന്ന രൂപകത്തിന്റെ ലക്ഷണം. ഇതിൽ മിക്കതും പഞ്ചരാത്രത്തിന്നുണ്ടു്. ഇതിലെ പാത്രങ്ങളിൽ ഭീഷ്മയുധിഷ്ഠിരാദികൾ പൌരാണികദൃഷ്ട്യാ ദേവവൎഗ്ഗത്തിലും, ദുൎയ്യോധനശകുനിപ്രഭൃതികൾ അസുരവൎഗ്ഗത്തിലും പെട്ടവരാണല്ലോ.

പഞ്ചരാത്രം ഒരു പ്രൌഢഗ്രന്ഥമാണ്. ഇത്തരം വ്യംഗ്യപ്രധാനങ്ങളായ കാവ്യങ്ങളുടെ സ്വാര

സ്യം പ്രകാശിപ്പിപ്പാൻ സവിസ്തരമായ വ്യാഖ്യാനം തന്നെ വേണം; എൻെറ ഈ ചെറുകിട്ടപ്പണി എന്നെപ്പോലുള്ള അസ്യൽപന്നന്മാക്കു അല്പം ഉപകരിച്ചാലായി എന്നേ ഉള്ളൂ.

ഈ തർജ്ജമ എഴുതിക്കഴിഞ്ഞിട്ട് അഞ്ചാറു കൊല്ലമായി. ആയിടയിൽ മറ്റൊരു തർജ്ജമ പുറത്തു വന്നതുകൊണ്ട് നമ്മുടെ പരിഭാഷകൻ ഇതിൻെറ പ്രസിദ്ധീകരണത്തിൽ അത്ര ശ്രദ്ധിച്ചില്ല. ഇപ്പോഠം കൊച്ചി ഭാഷാപരിഷ്ക്കരണക്കമ്മററിയുടെ ദൃഷ്ടി ഈ അനർഗ്ഘരത്നത്തിൽ പതിഞ്ഞതിനാലാണ് ഇതിൻെറ കിരണകന്ദളങ്ങഠം നീളെ പ്രസരിപ്പാനിടയായത്. കമ്മററിയുടെ ഉചിതജ്ഞതയ്ക്കു നാം നന്ദി പറയുക!

നാലപ്പാട്ട് നാരായണമേനോൻ

---

(ഒന്നാം പതിപ്പിലെ മുഖവുര.)

ഇതിവൃത്തം

കള്ളച്ചൂതിൽ പരാജിതരായ പാണ്ഡവന്മാർ കരാറപ്രകാരം പന്തീരാണ്ടു കാലം കാട്ടിൽ കഴിച്ചുകൂട്ടി, ഒരാണ്ടു് വിരാട രാജധാനിയിൽ അജ്ഞാതവാസം ചെയ്തുവരികയായിരുന്നു. പതിമൂന്നു സംവത്സരം കഴിഞ്ഞു് മടങ്ങി വന്നാലും, പാണ്ഡവന്മാൎക്കു് പാതി നാടു് കൊടുക്കുന്നതിന്നു്, ദുൎയ്യോധനൻ വിസമ്മതം ഭാവിക്കുമെന്നും; തന്മൂലം ഇരുകക്ഷികൾക്കും തമ്മിൽ നടക്കാവുന്ന ഭയങ്കരപ്പോരാട്ടത്തിൽ കുരുകുലത്തിന്നു് കോട്ടം തട്ടാനാണു് വഴിയെന്നും കാലേകൂട്ടിശ്ശങ്കിച്ചു്, കുരുകുലാചാൎയ്യനായ ദ്രോണർ അതിനെത്തടയുന്നതിന്നു് തക്ക ഉപായം തേടുന്നു. ധാൎത്തരാഷ്ട്രന്മാരേയും പാണ്ഡവന്മാരേയും തങ്ങളിൽക്കൂട്ടിയിണക്കി സൌഭ്രാത്രം പുലൎത്തുന്നതിന്നും, ദുൎയ്യോധനനെക്കൊണ്ടു് അൎദ്ധരാജ്യം കൊടുപ്പിക്കുന്നതിന്നുമായു്, തന്റെ ഉപദേശത്തിന്നു് ദുൎയ്യോധനൻ അനുസരിക്കാവുന്ന ഒരു അവസരം ഉണ്ടാക്കിത്തീൎക്കുവാൻ ദ്രോണർ ഉത്സാഹിച്ചു. ദ്രോണരുടെ പ്രേരണപ്രകാരം കുരുരാജാവു് ഒരു മഹായജ്ഞം നടത്തി; യജ്ഞാനന്തരസ്നാനം (അവഭൃഥം) കഴിഞ്ഞു് ധൎമ്മത്തിലും ധനുസ്സിലും ആചാൎയ്യനായ ദ്രോണൎക്കു്, എന്താവശ്യപ്പെടുന്നുവോ അതു്, യജ്ഞദക്ഷിണയായു് നൽകുന്നതാണെന്നു് ദുൎയ്യോധനൻ സഭയിൽവെച്ചു് വിളിച്ചുപറഞ്ഞു.

ദ്രോണർ ദുൎയ്യോധനനോടു് പാതിരാജ്യം പാണ്ഡവന്മാൎക്കു കൊടുപ്പാൻ ആവശ്യപ്പെട്ടു. പാണ്ഡവദ്രോഹിയായ ശകുനിയമ്മാമനോടു കൂടിയാലോചന

നടത്തിയതിൻെറ കുടിലഫലമായ് പഞ്ചരാത്രംകൊണ്ടു പാണ്ഡവന്മാരുടെ വൎത്തമാനം വരുത്താമെങ്കിൽ, പകുതിരാജ്യം കൊടുക്കാം എന്ന് ദുൎയ്യോധനൻ സമ്മതിച്ചു. അജ്ഞാതവാസകാലമായതുകൊണ്ട് ദ്രോണർക്ക് അത് അസാദ്ധ്യമാണെന്ന് അവൎക്കുള്ള വിശ്വാസത്താലാണ് അങ്ങനെ വാഗ്ദാനം ചെയ്തത്. ആ ഘട്ടത്തിൽ വിരാടപുരത്തിൽനിന്ന് വന്ന ഒരു ദൂതൻ കരുത്തന്മാരായ കീചകന്മാരുടെ വധവൎത്തമാനം അറിയിക്കുന്നു. 'അനായുധക്കൊല'യാണെന്നു കേട്ട് ചത്തതു കീചകനെങ്കിൽ കൊന്നതു ഭീമനാണെന്ന് ഭീഷ്മർ നിൎണ്ണയിക്കുകയും 'പഞ്ചരാത്ര'മാകട്ടെ എന്ന് ദ്രോണർ ഭീഷ്മരുടെ അഭിപ്രായമറിഞ്ഞ് അനുവദിക്കുകയുമാണ് ചെയ്യുന്നത്.

യുധിഷ്ഠിരാദികൾ വിരാടപുരിയിലുണ്ടെന്നുള്ള പൂൎണ്ണവിശ്വാസത്തോടുകൂടി, യാഗത്തിന് സന്നിഹിതനാകാതിരുന്ന അപരാധം വിരാടൻെറ പേരിൽ ആരോപിച്ച്, ഭീഷ്മരുടെ ഉപദേശപ്രകാരം ആദ്യമവർ ഗോഗ്രഹണത്തിന് പുറപ്പെടുന്നു. പാണ്ഡവാദികൾ വിരാടരാജധാനിയിൽത്തന്നെയാണ് താമസമെങ്കിൽ, സമരസംരംഭം കണ്ട് അടങ്ങിയൊതുങ്ങിയിരിക്കയില്ലെന്ന് അവരാലോചിച്ചിരുന്നു. ഉദ്ദേശം കുറിക്കുകൊണ്ടു: അഞ്ചുരാത്രി കഴിയുംമുമ്പിൽ പാണ്ഡവന്മാരുടെ സ്ഥിതിഗതികൾ എല്ലാം വെളിവായി; യഥാപ്രതിജ്ഞം ദുൎയ്യോധനൻ പാണ്ഡവൎക്ക് പാതിനാടു കൊടുത്തു.

ദുൎയ്യോധനന്റെ നിശ്ചയമനുസരിച്ച്, പാണ്ഡവന്മാരുടെ വൎത്തമാനം അഞ്ചുരാത്രി കഴിയുംമുമ്പ് വരുത്തണമെന്നുള്ള—പാതിനാട്ടു കൊടുപ്പിക്കുന്നതിന്നു് പരമസാധനമായ് നിൽക്കുന്ന—കാലാവധിക്കു പ്രാധാന്യം വിവക്ഷിച്ചിരിക്കയാലാണ് ഈ രൂപകത്തെ പഞ്ചരാത്രം എന്നു് വ്യപദേശിച്ചിരിക്കുന്നതു്.

---

## രൂപകങ്ങൾ

കാവ്യശാഖയെ ശ്രവ്യമെന്നും ദൃശ്യമെന്നും രണ്ടായ് വിഭജിച്ചിരിക്കുന്നു. അഭിനേയങ്ങളായ രൂപകങ്ങൾ ദൃശ്യകാവ്യശാഖയിൽ പെടുന്നു. "അവസ്ഥാനുകൃതിൎന്നാട്യം" (Drama is the imitation of Situation) എന്ന നിൎവ്വചനമനുസരിച്ച്, നാട്യം പരിസരങ്ങളുടെ അനുകരണമാണ്. രൂപസമാരോപം കൊണ്ടാണ് രൂപകമെന്ന സംജ്ഞ ലഭിച്ചതു്. നടന്മാർ രൂപങ്ങളെ ആരോപിച്ച്, പ്രേക്ഷകരുടെ മനഃസ്ഥിതിയെ രൂപാന്തരപ്പെടുത്തുന്നതുകൊണ്ട് അതു് അന്വൎത്ഥമാണ്. രസാശ്രയമായ രൂപകം പത്തുവിധമാകുന്നു.

നാടകം, പ്രകരണം, ഭാണം, പ്രഹസനം, ഡിമം, വ്യായോഗം, സമവകാരം, വീഥി, അങ്കം, ഈഹാമൃഗം ഇങ്ങനെയാണ് ദശരൂപകങ്ങൾ. നാടകമാണ് രൂപകങ്ങളിൽവെച്ച് സൎവ്വപ്രധാനം. പ്രാചീനാചാൎയ്യന്മാരുടെ നാടകലക്ഷണസമന്വയം ഇങ്ങനെയാണ്:—

'ധീരോദാത്ത'നതി പ്രതാപഗുണവാൻ,
വിഖ്യാതവംശൻ, ധരാ-
പാലൻ നായക,നഞ്ചു സന്ധി; കളതി-
ഖ്യാതം കഥാവസ്തുവും,
നാലഞ്ചാളുകളങ്കമഞ്ചധികമോ,
ശൃംഗാരമോ, വീരമോ
മുഖ്യം, നിർവ്വഹണത്തിലത്ഭുതരസം
നാഥോദയം നാടകം.

## കഥാവസ്തു (Subject matter.)

വസ്തു, നായകൻ, രസം എന്നീ ഉപാധികളെ ആശ്രയിച്ചാണ് നാടകവിഭജനം. പ്രഖ്യാതം, കവികല്പിതം, മിശ്രം ഇങ്ങനെ ഇതിവൃത്തം മൂന്നുവിധം.

## പ്രസ്താവന (സ്ഥാപന) Prologue

സൂത്രധാരൻ നടിയോടോ പാരിപാർശ്വികനോടോ വിദൂഷകനോടോ സ്വകാര്യപരമായാലും പ്രകൃതകഥാസൂചകമായി ചിത്രോക്തിയിൽ സംഭാഷണം നടത്തുന്ന ഭാഗത്തിന്ന് പ്രസ്താവന അഥവാ സ്ഥാപന, ആമുഖം എന്നു പേർ.

## പഞ്ചസന്ധികൾ (Five Junctures)

| അർത്ഥപ്രകൃതികൾ | | അവസ്ഥകൾ |
|---|---|---|
| ബീജം Germ | + | ആരംഭം beginning |
| ബിന്ദു Expansion | + | യത്നം Effort |
| പതാക Episode | + | പ്രാപ്ത്യാശ Prospect of success. |

പ്രകരി Incident + നിയതാപ്തി certainty of success
കാൎയ്യംDenouement+ ഫലാഗമം Attainment of the result

സന്ധികൾ

= മുഖസന്ധി Opening
= പ്രതിമുഖ Progression
= ഗൎഭ Development
= നിൎവ്വഹണ Conclusion

കഥാവസ്തു ഏതൊരു പരമപ്രയോജനത്തെ ലക്ഷീക രിച്ചു പ്രവൎത്തിക്കുന്നുവോ, ഏതു സംഗതി സാധിക്കുന്ന. അവസരത്തിൽ കഥ അവസാനിക്കുന്നുവോ, അതു് കാൎയ്യം. കാൎയ്യഹേതുക്കളാണ്, ബീജം; ബിന്ദു, പതാക, പ്രകരി, കാൎയ്യം ഇവ (അൎത്ഥപ്രകൃതികൾ) Five clements of the plot. അഞ്ചു് അൎത്ഥപ്രകൃതിക ളും അഞ്ചു് അവസ്ഥകളും ചേൎന്നാൽ അഞ്ചു് സന്ധി കളുണ്ടാകും. കഥാംഗങ്ങളെ യഥോചിതം സന്ധിപ്പി ക്കുന്ന ഘടനാവൈചിത്ര്യമാണ്. സന്ധി

നാന്ദി (Benediction)

ദൃശ്യകാവ്യത്തിൽ ആശീൎവ്വചനരൂപേണ പ്രയോഗിക്ക പ്പെടുന്നതു് നാന്ദി. രംഗവിഘ്നോപശാന്തിക്കു് അണി യറയിൽ വെച്ചു് നടത്തുന്ന ക്രിയക്കു് പൂൎവ്വരംഗം എന്നു പേർ. അതിൽ നാന്ദിയും ഉൾപ്പെടുന്നു.

നായകന്മാർ (Heroes)

ധീരോദാത്തൻ, ധീരോദ്ധതൻ, ധീരശാന്തൻ, ധീരല ളിതൻ ഇങ്ങനെ ചതുൎവ്വിധനായകന്മാർ.

നായകസാമാന്യലക്ഷണം

നേതാവിനീതോ മധുര, സ്ത്യാഗീ, ദക്ഷഃ, പ്രിയംവദഃ
രക്തലോക, ശ്ശുചി, വ്വാങ്മീ, രൂഢവംശ:, സ്ഥിരോ
[യുവാ
ബുദ്ധ്യുത്സാഹസ്മൃതി പ്രജ്ഞാകലാമാനസമന്വിത:,
ശ്ശൂരോ, ദൃഢ,ശ്ച തേജസ്വീ,ശാസ്ത്രചക്ഷു, ശ്ചധാമ്മിക:

വിഷ്കംഭം (Explanatory scene)

ഭൂതഭാവികഥാംശങ്ങൾ വിവരിക്കുന്ന മട്ടിലായ്
ചുരുക്കിയാദിയിൽച്ചൊല്ലും ഭാഗം വിഷ്കംഭമായ്വരും
ശുദ്ധം, മിശ്രം അഥവാ സങ്കീൎണ്ണം എന്നു വിഷ്കംഭം രണ്ടുവിധം. മദ്ധ്യമപാത്രപ്രയോജിതം ശുദ്ധം; മദ്ധ്യമാധമ പാത്രപ്രയോജിതം മിശ്രം.

പ്രവേശകം Introductory scene

അങ്കദ്വയത്തിന്നു മദ്ധ്യേ ശേഷാൎത്ഥം വിവരിപ്പതായ്
നീചപാത്രങ്ങൾ നീചോക്തികൊണ്ടുചൊന്നാൽ
(പ്രവേശകം

കഞ്ചുകി Chamberlain

നിത്യവും സത്വസംപന്നൻ കാമദോഷമകന്നവൻ
ജ്ഞാനവിജ്ഞാനകുശലന്നല്ലോ കഞ്ചുകിയെന്നുപേർ

രസം Sentiment

രസ്യതേ ഇതിരസ: (=രസിക്കപ്പെടുന്നു)എന്നാണ് രസപദത്തിൻെറ വ്യുത്പത്തി.

വിഭാവമനുഭാവങ്ങൾ സഞ്ചാരികളിവററയാൽ
വ്യക്തമാകുന്ന രത്യാദിസ്ഥായിഭാവമതാം രസം.

ആരംഭം- ദ്രോണർ: . . . ദുൎയ്യോധനൻ ധൎമ്മം അനുഷ്ഠിക്കുന്നതിൻെറ ഗുണം എനിക്കുതന്നെയാണ്.
(Page 9)

യത്നം- അപ്പാണ്ഡവന്മാൎക്കിഹ പങ്കു നല്കുകഞ്ഞു ന്നിഃത ദക്ഷിണ ഭിക്ഷയും മേ. Page 33)

പ്രാപ്ത്യാശ-കാൎയ്യം സാധിച്ചു. പഞ്ചരാത്രമാവട്ടെ (Page 27)

നിയതാപ്തി—കാൎയ്യത്തിന് അപായശങ്കയും നിവാരണവും ഇല്ലായ്കയാൽ നിയതാപ്തിയും വിമൎശസന്ധിയും ഇതിലില്ല.

ഫലാഗമം— സമവകാരലക്ഷണപ്രകാരം വിമർശസന്ധി വൎജ്ജിതമാണ്. അൎദ്ധരാജ്യസിദ്ധി. 'ഓഹോ, രാജ്യമിതാ നല്കി' Page 75

ഇതിവൃത്തത്തിലെ പരമസാദ്ധ്യാംശം കുലസംഗ്രഹം.

രസം—വീരം, ദുൎയ്യോധനൻ ധൎമ്മവീരൻ, ദ്രോണർ ദയാവീരൻ. നായകന്മാർ: ദുൎയ്യോധനൻ, പാണ്ഡവന്മാർ, ദ്രോണർ, ദൈവകല്പന്മാർ; ഭീഷ്മകൎണ്ണാദികൾ സഹായന്മാർ. ഫലാദുഃൎയ്യോധനൻെറ സത്യപരിപാലനരൂപമായ ധൎമ്മനിഷ്ഠത്തി: അൎദ്ധരാജ്യലാഭം.

*Pallath Raman.*

---

Printed at The Krishna Electric Printing Works, by P. C. Krishnaswami Pillai and Published by V. C. Velappan Kohinor Office Ponani.

# ഭാസൻ.

മഹാകവി കാളിദാസൻ 'മാളവികാഗ്നിമിത്ര'ത്തിൽ ഭാസ, സൌമില്ല, കവിപുത്രന്മാരെ സ്മരിച്ചിട്ടുണ്ടല്ലോ. 'ഭാസോ ഹാസഃ കവികുലഗുരുഃ കാളിദാസോ വിലാസഃ' എന്ന ശ്ലോകവും സുപ്രസിദ്ധമാണ്. രൂപകനിർമ്മാതാവെന്ന നിലയിലാണ് ഭാസന്ന് പേരും പെരുമയും. കാളിദാസനുപോലും ആ വിഷയത്തിൽ ഭാസൻ മാർഗ്ഗദർശനം ചെയ്തിട്ടുണ്ട്. ഭാസപ്രണീതമായ 'പ്രതിമാനാടക'ത്തിൽനിന്ന് പല ഛായാനുകരണങ്ങളും ശാകുന്തളത്തിൽ കാണാം. ഭാസരൂപകചക്രത്തിൽപെട്ടതായിതേവരെക്കണ്ടുകിട്ടിയിട്ടുള്ള കൃതികളിവയാണ്: സ്വപ്നവാസവദത്ത, പ്രതിമാനാടകം, പഞ്ചരാത്രം, ചാരുദത്തൻ, ദൂതഘടോൽകചം, അവിമാരകം, ബാലചരിതം, മദ്ധ്യമവ്യായോഗം, കർണ്ണഭാരം, ഊരുഭംഗം, പ്രതിജ്ഞായൌഗന്ധരായണം, അഭിഷേകനാടകം, ദൂതവാക്യം. ചില പര്യന്വേഷണങ്ങളുടെ ഫലമായ്, ദാമകപ്രഹസനം, ത്രിവിക്രമനാടകം ഇവയും ഭാസകൃതങ്ങളാണെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.

ഭാസന്റെ പ്രതിഭാശക്തിയും രചനാരമ്യതയും അപരിമേയമാണ്. 'ഗദ്യം കവീനാം നികഷം വദന്തി' എന്ന പ്രമാണം ഭാസരൂപകങ്ങളിൽ തികച്ചും തിളങ്ങിക്കാണാം. പ്രയോഗഭംഗിയുള്ള സൂക്തികകളാണ് അടിമുതൽ മുടിവരെ. ഭാസഗദ്യത്തിന്റെ ഭംഗി കാളിദാസനും കിട്ടിയിട്ടില്ല. ഭാസകാലത്ത് സംസ്കൃതം വാമൊഴിയായിരുന്നു; കാളിദാസന്റെ കാലമായപ്പോഴ

ഷ്ഷം മട്ടുമാറി: അതായിരിക്കണം ആ ഗദ്യത്തിന്ന് അത്ര ആസ്വാദ്യത. ശബ്ദാൎത്ഥങ്ങളുടെ ചേതോഹരമായ ചേരുവയും, ആശയങ്ങളുടെ ആഴവും, ഔചിത്യവിചാരദീക്ഷയും, സത്യസൌന്ദൎയ്യങ്ങളുടെ സാക്ഷാൽക്കരണവുമാണ് ഭാസകാവ്യകലയ്ക്കുള്ള വിശിഷ്ടഗുണം. കേരളത്തിൽ ചാക്യാന്മാർ പണ്ടുതന്നെ ഭാസനാടകങ്ങളിൽ പലതും കൂട്ടിയും കുറച്ചും, മാററിയും മറച്ചും പ്രയോഗിച്ചുവന്നിരുന്നു. ചാക്യാന്മാരുടെ മന്ത്രാങ്കനാടകം പ്രതിജ്ഞായൌഗന്ധരായണത്തിലെ മൂന്നാമങ്കമാണ്. ഭരതന്റെ നാട്യശാസ്ത്രത്തെ കവി അനുസരിച്ചുകാണുന്നില്ല. പാണിനിക്കും ചാണക്യനും മുമ്പ്, ഉദ്ദേശം ബി. സി. നാലാംനൂററാണ്ടിൽ ജീവിച്ചിരുന്ന ഒരു ദാക്ഷിണാത്യകവിയാണ് ഭാസൻ എന്ന് ഊഹിക്കേണ്ടിയിരിക്കുന്നു.

സാഹിതീസദനം,
പാലക്കാട്.

പള്ളത്ത് രാമൻ.

# പഞ്ചരാത്രം നാടകം

## ഒന്നാമങ്കം.

(നാന്ദ്യന്തത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു.)

സൂത്രധാരൻ:—

ദ്രോണൻ, യുധിഷ്ഠിരനിഹാജ്ജുനഭീമദൂതൻ,
ദുയ്യോധനൻ, ശകുനിനായക കണ്ണധാരൻ,
രക്ഷിച്ചിടട്ടെ വഴിപോലഭിമന്യു, ഭീഷ്മ-
നാ ശ്രീവിരാട് പുരുഷനുത്തരകമ്മശീലൻ. (൧)

(ചുററിനടന്നിട്ട്) ഇപ്രകാരം ആയ്യമിശ്രന്മാരോടറിയിക്കട്ടെ. എയ്! എന്താണ്, ഞാൻ അറിയി

---

൧. ദ്രോണൻ=കാക്കപോലെ കറുത്തവൻ. യുധിഷ്ഠിരൻ=യുദ്ധത്തിൽ സ്ഥിരൻ. അജ്ജു....ദൂതൻ=അജ്ജുനഭീമന്മാക്കായി ദൂത്യം നടത്തിയവൻ. ദുയ്യോധനൻ=ദുഷ്കരമായ യുദ്ധംചെയ്യുന്നവൻ. ശകുനി....ധാരൻ=ഗരുഡൻെറ കപ്പിത്താൻ (ഗരുഡനാകുന്ന കപ്പലിനെ ആകാശത്തിൽ നടത്തുന്നവൻ, ഗരുഡവാഹനൻ എന്നർത്ഥം.) അഭിമന്യു=യജ്ഞോന്മുഖൻ ഭീഷ്മൻ=ദുജ്ജനഭയങ്കരൻ. വിരാട്പുരുഷൻ=ആദിപുരുഷൻ. ഉത്ത....ശീലൻ=പ്രശസ്തകമ്മങ്ങാം ചെയ്യുന്നവൻ. ഇതിൽ മുദ്രാലങ്കാരഭംഗ്യാ കഥാപാത്രങ്ങളെ സൂചിപ്പിച്ചിരിക്കുന്നു.

ക്കുവാൻ ഭാവിച്ചപ്പോഴം, ഒരു ശബ്ദം കേൾക്കുന്നതു പോലെ തോന്നുന്നത്? ആട്ടെ, നോക്കാം. [അണിയറയിൽ] അമ്പോ, കുരുരാജാവിന്റെ യജ്ഞസമൃദ്ധി!

സൂത്രധാരൻ:— ശരി, മനസ്സിലായി:

അരചന്മാരഖിലാന്തഃ-
പുരമൊട്ടമൊന്നിച്ചു വന്നുചേൎന്നു മുദാ,
കുരുപതിദുൎയ്യോധനനുടെ
തിരുയജ്ഞമിതാ, നടക്കുന്നു. (൮)

(പോയി)

സ്ഥാപന കഴിഞ്ഞു.

---

(അനന്തരം മൂന്നു ബ്രാഹ്മണർ പ്രവേശിക്കുന്നു)

എല്ലാവരും:— അമ്പോ, കുരുരാജാവിന്റെ യജ്ഞസമൃദ്ധി!

ഒന്നാമൻ — ഇവിടെയാകട്ടെ,

കാശം പൂത്തവ പോലെയായ് ദിശകൾ വി-
പ്രോച്ഛിഷ്ടമാം ചോറിനാൽ,
ഹോമത്തിൻ പുകയാൽ പരക്കെയൊഴിവായ്
വൃക്ഷങ്ങൾതൻ പൂമണം;
മാൻമട്ടായി പുലിവ്രജം; മലകളിൽ
സ്സിംഹങ്ങളും ശാന്തരായ്;
മന്നൻ ദീക്ഷ വഹിച്ചവാറലകുമി-
ങ്ങൊന്നിച്ചു ദീക്ഷിച്ചിതോ! (൯)

---

൯. ദീക്ഷ=യജ്ഞവ്രതം

രണ്ടാമൻ:— ഭവാൻ പറഞ്ഞതു ശരിയാണ്;

ഹവ്യത്താൽ പരിതൃപ്തനഗ്നി സുരർതൻ
വക്ത്രം; ദ്വിജശ്രേഷ്ഠരോ
ദ്രവ്യത്താൽ; പശുപക്ഷിമാനുഷരുമി-
ന്നൊട്ടുക്കസംതൃപ്തരായ്;
ഇവ്വണ്ണം നൃപനന്മ നീളെ രസമായ്
ഘോഷിയ്ക്കുമിപ്പാരിടം
ദിവ്യന്മാരുടെ ലോകമൊക്കെയതിലം-
ഘിച്ചു ഗുണൗഘശ്രേണിയാൽ. (൪)

മൂന്നാമൻ:— ഇതാ, പൂജ്യന്മാരായ ബ്രാഹ്മണർ,

കാൽത്താരിൽ ക്ഷിതിപാലർതൻ മുടിതല-
പ്പാവേശിയോ,രെത്രയും
ശാസ്ത്രാഭിജ്ഞർ, വയോധികസ്ഥിതിയിലും
സസ്വാദ്ധ്യായബദ്ധവ്രതർ,
വാൎദ്ധക്യത്തിലിയന്നമെയ്യുയവൊട്ടും,
ശിഷ്യൻെറ തോളത്തു കൈ
ചേർത്തഗ്ര്യദ്വിപവൃദ്ധർപോലെ, വടിയും
കുത്തിഗ്ഗമിയ്ക്കുന്നുതേ. (൫)

എല്ലാവരും:— ഉണ്ണികളേ, ഉണ്ണികളേ, അവഭൃഥസ്നാനം കഴിയുംമുമ്പ നിങ്ങൾ തീ കൊളുത്തിക്കളയരുതേ!

---

൪. അഗ്നിമുഖാ വൈ ദേവാഃ എന്നു വേദം.

ഒന്നാമൻ:— അയ്യേ, ബാലചാപലം കാണിച്ചുക ഴിഞ്ഞു!

കത്തും യൂപം ലസിപ്പൂ ക്ഷിതിയുടെ കനക-
 ക്കയ്യു പോലിങ്ങു;ട്ടപ്പി-
പ്പീലാ ചൈത്ര്യാഗ്നി ലോകാഗ്നിയെ: വൃഷലകനെ
 ക്ഷോണിദേവൻ കണക്കേ;
വേകുന്നിലേറെ വേദിപ്പുറ;മിഹ ചുഴലെ-
 പ്പച്ചയാം ദർഭമൂലം;
പ്രാഗ്വംശത്തിൽക്കടപ്പൂ പുകയിതു: നളിന-
 പ്പൊയ്കയിൽക്കുംഭിപോലെ. (൩)

രണ്ടാമൻ:— ശരിതന്നെ.

അഗ്നിയെ,യഗ്നിഭയത്താ-
ലുഴറിയിതാ, വിപ്രർ കൊണ്ടുപോരുന്നു:
ദോഷപ്പെട്ട കുലത്തിൽ
ജ്ഞാതിഭയാൽ ജ്ഞാതിയെപ്പോലേ. (൧)

മൂന്നാമൻ:— ഇതാ, നിങ്ങൾ മറ്റൊന്നു നോക്കുവിൻ!
നെയ്യിൻവണ്ടി ദഹിക്കുന്നു
വെള്ളം കോരിയൊഴിക്കിലും:

---

൩. യൂപം=യജ്ഞസ്തംഭം, ചൈത്ര്യം=യജ്ഞസ്ഥാനം. ലോകാഗ്നി=സാധാരണത്തീയ്. വൃഷലകൻ=ശൂദ്രൻ. പ്രാഗ്വംശം=ഹോമഗൃഹത്തിന്നു കിഴക്കായി യജമാനൻമാർക്കും മററുമിരിപ്പാനുള്ള ഗൃഹം.

൧. ജ്ഞാതി=ദായാദി.

ബാലസ്നേഹവശാൽ,ഒട്ടി
പോയോരബല പോലവേ. (൮)

ഒന്നാമൻ:— അങ്ങു പറഞ്ഞതു ശരിയാണ്.

പച്ചപ്പുല്ലിലൊതുങ്ങിനിന്നു കുറുതായ്-
ശ്ശോഷിച്ചിട്ടും ദർഭ ചേ-
ന്നിച്ചക്രേശപരധർമ്മവണ്ടിയെരിയി-
പ്പാനുദ്യതൻ പാവകൻ;
കാറേററിട്ടു പടന്നുകത്തിയഥ ത-
ച്ചക്രത്തിലെത്തിക്രമാൽ,
ചുററിന്മേലൊരു മണ്ഡലാകൃതിയിലായ്
നേടുന്നു സൂര്യാഭയെ. (൯)

രണ്ടാമൻ:— ഇതാ മററൊന്നു നോക്കൂ.

പുററിങ്കൽനിന്നഗ്നിഭയത്തൊടഞ്ചു
സർപ്പങ്ങൾ, രന്ധ്രങ്ങളിലൂടെയൊപ്പം
പുറത്തിറങ്ങുന്നു: മൃതന്റെ മെയ്യിൽ-
നിന്നൊപ്പമഞ്ചിന്ദ്രിയമെന്നപോലേ. (൧൦)

മൂന്നാമൻ:— ഇതാ, നിങ്ങൾ മററൊന്നു നോക്കു വിൻ.

മരുത്തിനോടൊത്തിളകും മഹാഗ്നി
മരത്തിനെക്കത്തിയെരിച്ചിട്ടുമ്പോൾ

൯. ചക്രേശപരൻ=രാജാവ്. ധർമ്മവണ്ടി=യജ്ഞശകടം മണ്ഡലാകൃതി=വട്ടമൊത്ത വടിവ്. സൂര്യാഭയെ നേടുന്നു=സൂര്യനെപ്പോലെയായിത്തീരുന്നു.

പ്രാണങ്ങൾപോലാശു പറന്നുപോയി
പൊത്താകുമുൾമ്മെയ്യിലെഴും ഖഗങ്ങൾ. (൧൧)

ഒന്നാമൻ:— ശരിതന്നെ.

ഒരുണക്കമരത്താൽ, പ്പൂ-
മരങ്ങൾ നിറയും വനം,
നിലകെട്ടുള്ളൊരുവനാൽ
കുലം പോലെരിയുന്നുതേ. (൧൨)

രണ്ടാമൻ:—

മഖദഹനനിൽദ്രഹിക്കും
മുളകളിതാ, കാററു തട്ടിയിളകുകയാൽ
ഉയരുന്നു താഴുന്നു:
നരരുടെ ഭാഗ്യങ്ങളെപ്പോലേ. (൧൩)

മൂന്നാമൻ:— അങ്ങു പറഞ്ഞതു ശരിയാണ്.

വേകുന്നു തടിമേൽശ്ശുഷ്ക-
വല്ലി ചുററിയൊരീ മരം:
ദുഷ്കുലച്ഛാച്ഛയിൽശ്ശിഷ്ടൻ
സ്ത്രീദോഷാലെന്നപോലവേ. (൧൪)

ഒന്നാമൻ:—

ലതാനികുഞ്ജം ചെടി പൊന്തയൊത്തി-
ക്കാടാകുമാഹാരമശിച്ചു പാരം,

---

൧൩. മഖദഹനൻ=യാഗാഗ്നി.
൧൪. ശിഷ്ടൻ=നല്ലവൻ.

ഹുതാശനൻ കൈ കഴുകുന്നതിന്നോ
സരിത്തിലിദ്ദേഹം പിടിച്ചിറങ്ങി (൨൩)

രണ്ടാമൻ :— ഇതാ, ഇതാ,

നിളമുള്ള കുശവല്ക്കലംവഴി മരത്തിൽ
നിന്നു മരമാന്നു തീ;
നാളമേറുകടന്നരിഞ്ഞുവീഴ്‌വിതു പഴുത്ത
പോലെ കദളീഫലം;
ചോടെരിഞ്ഞു സുചിരാൽ വിഴുന്നു തന്നതഗ്ര-
സീമ്നി വലുതായ തേൻ-
കൂടെഴുന്നൊരു കരിമ്പനത്തരു മഹേശ്വ
രൻെറ മഴുപോലവേ. (൨൪)

മൂന്നാമൻ :— ഹാ, സജ്ജനത്തിൻെറ കോപം പോ
ലെ, അഗ്നിഭഗവാൻ കത്തിയടങ്ങി.

ഇതാ, കഴിഞ്ഞൂ വിറകെന്നമൂലം
ഹുതാശനന്നേറവു ബലപ്രണാശം.
ഉദാരശീലന്നു ധനാത്ത്യയത്താൽ
പ്രദാനശക്തിക്ഷയമെന്നപോലേ (൨൫)

---

൨൩. പൊന്ത = ചെറുവള്ളിക്കെട്ട്. മൊന്ത എന്നു ചിലർ. സരിത്ത് = നദി.

൨൪. കുശവല്ക്കലം = ദർഭകളും മരവിരികളും. നാളം = തീജ്വാല. അഗ്രസീമ്നി = മുകളിൽ.

൨൫. ഉദാരശീലൻ = ദാനശീലൻ. ധനാത്ത്യയം = മുതൽനാശം.

ഒന്നാമൻ:—

ഹുതാശൻ, സ്രുക്കരണി പു-
ല്ലിവയെത്തിന്നുതിക്കയായ്:
ധൃത്താൽ സ്വത്തററവൻ വിട്ടു-
സാമാനത്തെക്കണെക്കിന്നെ. (൧വ്വ)

രണ്ടാമൻ:—

ചാഞ്ഞുള്ള കൊമ്പൊട്ടു നദിക്കരികത്തു നില്ക്കു-
മീ പ്ലാശു കാററിലുലയുന്നിലയായ കയ്യാൽ,
ദാവാഗ്നിദഃയററവതിപെട്ട മഹീരുഹങ്ങൾ-
ക്കിവണ്ണമിപ്പൊഴുദകക്രിയ ചെയ്യുയാണോ! (൧൯)

മൂന്നാമൻ:— എന്നാൽ വരൂ; നമുക്കും ആചമനം കഴിക്കാം.

രണ്ടുഃപേരും:—അങ്ങിനെതന്നെ.

(എല്ലാവരും ആചമനം കഴിച്ചിട്ട്)

ഒന്നാമൻ:— എയ്, ഇതാ, അത്രഭവാൻ കുരുരാജാവു ദുര്യ്യോധനൻ, ഭീഷ്മദ്രോണന്മാർമുമ്പിലും രാജാക്കന്മാരൊക്കെ പിന്നിലുമായി, ഇങ്ങോട്ടെഴുന്നള്ളുന്നു. ഇതാ,

---

൧വ്വ. സ്രുക്ക്=ഹോമപാത്രം. അരണി=തീ കടഞ്ഞുണ്ടാക്കുന്ന മരം. പുല്ല്=ദർഭ. ധൃത്ത്=ചൂതുകളി മുതലായത്. തിന്നുതിക്കുക എന്നതിന്ന് ഉപമാപക്ഷത്തിൽ വിറതിന്നുക എന്നർത്ഥം.

൧൯. ദാവാഗ്നി=കാട്ടുതീയ്യായി പരിണമിച്ച യജ്ഞാഗ്നി. മഹീരുഹങ്ങൾ=മരങ്ങൾ.

'യജ്ഞങ്ങൾ ചെയ്തിളയെവെല്ലുക വിക്രമത്താൽ,
കോപം ത്യജിയ്ക്കു, ദയചെയ്യുക തൻജനത്തിൽ'
എന്നിവിധം പ്രകൃതയോഗ്യമരച്ചഭംഗ്യാ
ചെയ്യുന്നു പൌരരിഹ പാർത്ഥപരിഗ്രഹം താൻ. (൨൦)

അതിനാൽ വരു. നമുക്കും കുരുരാജാവിനെ സംഭാവനംചെയ്യാം.

രണ്ടുപേരും:—അങ്ങിനെതന്നെ

എല്ലാവരും:—ജയിച്ചാലും, അങ്ങുന്നു ജയിച്ചാലും!

(പോയി)

വിഷ്കംഭം കഴിഞ്ഞു.

---

(പിന്നെ ഭീഷ്മരും ദ്രോണരും പ്രവേശിയ്ക്കുന്നു)

ദ്രോണർ:— ദുര്യ്യോധനൻ ധർമ്മം അനുഷ്ഠിയ്ക്കുന്നതിൻെറ ഗുണം എനിയ്ക്കുതന്നെയാണ്. എന്തുകൊണ്ടെന്നാൽ,

തൻ ബന്ധുമിത്രങ്ങളെയൊക്കയും വി-
ട്ടാചാര്യ്യനിൽച്ചേർൽവിതു ശിഷ്യദോഷം:
കിടാവിനെദ്ദേശികനേകിയേച്ചാ-
ലച്ഛനുമമ്മയ്ക്കുമൊഴിഞ്ഞു ഭാരം. (൨൧)

---

൨൦. ഇള=ഭൂമി. പ്രകൃതയോഗ്യം=പ്രകൃതത്തിന്നു തക്ക മട്ടിൽ. പാർത്ഥപരിഗ്രഹം=പാണ്ഡവന്മാരെ സ്വീകരിയ്ക്കൽ.

൨൧. ദേശികന്=ഗുരുവിൻ പക്കൽ.

ഭീഷ്മർ:— ഈ ദുൎയ്യോധനൻ,

ധനാപഹാരാലൊരുയച്ച് നേടി,
വൈരപ്രിയംകൊണ്ടപകീൎത്തി ചാൎത്തി;
ഇപ്പോളവൻതാനിതുമട്ടു ധൎമ്മം
ചെയ്യല്ലസിയ്ക്കുന്നിതു പുണ്യവാനായ്! (൨൨)

അനന്തരം ദുൎയ്യോധനനും, കൎണ്ണനും, ശകുനിയും പ്രവേശിയ്ക്കുന്നു]

ദുൎയ്യോധനൻ:—

ഇവൻ ശ്രദ്ധാവാനായ്; മയി ഗുരുജനാ
പ്രീതഃ-മൂലകം
സുവിശ്വസ്തം; നില്പായ് ഗുണഃ-മപയശ-
സ്സസ്തമിതമായ്;
മരിച്ചേ വിടുന്നൂ മൻജരിതി ഭോ-
ഷ്ലോതലിതുഃ മ-
റൊരടത്തല്ലാ വിണ്ണഃ-ത്തു മികവൊടൊ-
ക്കുന്നതിഹ താൻ. (൨൩)

കൎണ്ണൻ— ഗാന്ധാരീനന്ദന, ഇവിടുന്നു ന്യായമായി സമ്പാദിച്ച ധനത്തെ ദാനംചെയ്യുന്നത് യുക്തംതന്നെയാണ്. എന്തുകൊണ്ടെന്നാൽ,

---

൨൩. മയി=എങ്കൽ. സുവിശ്വസ്തം=നന്നായി വിശ്വസിച്ചത്. അപയശസ്സ്=ദുഷ്കീൎത്തി. ഇഹ താൻ=ഇവിടെത്തന്നെ [ഈ ലോകത്തിൽത്തന്നെ.]

അസ്ത്രാധീനം ക്ഷത്രിയന്മാൎക്കു നേട്ടം;
പുത്രന്മാൎക്കായ്ക്കെട്ടിവെച്ചാലബദ്ധം;
വിത്തം സൎവ്വം വിപ്രരിൽച്ചേൎത്തു ഭൂപൻ
പുത്രന്മാൎക്കായ് നൽകണം വില്ലുമാത്രം. (൨൪)

ശകുനി:— ശരിയാണ്, ഗംഗാസ്പൎശംകൊണ്ടു നിൎമ്മലാംഗനായ അംഗരാജാവു പറഞ്ഞത്.

കൎണ്ണൻ:—
ഇക്ഷ്വാകു, ശൎയ്യാതി, യയാതി, രാമൻ,
മാന്ധാതൃനാഭാഗനൃഗാംബരീഷർ
സമ്പന്നരീ മന്നർ മരിയ്ക്കിലും, ഹാ,
ജീവിച്ചിരിയ്ക്കുന്നു മഖങ്ങളാലേ! (൨൫)

എല്ലാവരും:— ഗാന്ധാരീനന്ദന, ഭാഗ്യംകൊണ്ടു ഭവാൻ യാഗംകഴിഞ്ഞു ശോഭിയ്ക്കുന്നു.

ദുൎയ്യോധനൻ:— ഞാൻ അനുഗ്രഹിക്കപ്പെട്ടു. ആചാൎയ്യ, ഞാൻ വന്ദിയ്ക്കുന്നു.

ദ്രോണർ:— ഉണ്ണി, വരു, വരു. ഇതു ക്രമപ്രകാരമായില്ല.

ദുൎയ്യോധനൻ:—എങ്ങിനെയാണ് ക്രമം?

ദ്രോണർ:— ഭവാൻ കാണുന്നില്ലേ?
നരാവതാരമാന്നോരീ-
ദ്ദൈവതത്തെ നമിയ്ക്കെടോ!

---

൨൪. അസ്ത്രാധീനം=അമ്പിന്നു കീഴിൽ. [ക്ഷത്രിയൻ യുദ്ധംചെയ്തു സമ്പാദിക്കണമെന്നൎത്ഥം]

ഭീഷ്മരെപ്പിന്നിലിട്ടെന്നെ
വന്ദിയ്ക്കുവതയുക്തമാം. (൨൩)

ഭീഷ്മർ:— അങ്ങിനെ പറയരുത്. പല സംഗതികൾ കൊണ്ടും ഞാൻ അങ്ങയ്ക്കു താഴെയാണ്. എന്തുകൊണ്ടെന്നാൽ,

ഭവാൻ സ്വയംഭൂവി, വനമ്മ പെററവൻ,
മമായുധം വൃത്തി; ഭവാനു മൈത്രിതാൻ;
ദ്വിജൻ ഭവാൻ, ക്ഷത്രിയർ ഞങ്ങൾ; ദേശികൻ
ഭവാനയേ, ഞങ്ങൾ മികച്ച ശിഷ്യർകൾ. (൨൪)

ദ്രോണർ— മഹാത്മാക്കൾ, തങ്ങളെ താഴ്ത്തിയേ പറകയുള്ളുവല്ലോ. ഉണ്ണി, വരു, എന്നെ വന്ദിച്ചു കൊൾക.

ദുര്യോധനൻ:— ആചാര്യ, ഞാൻ വന്ദിയ്ക്കുന്നു.

ദ്രോണർ— ഉണ്ണി, വരു, വരു. ഇപ്രാകാരംതന്നെ, അവഭൃഥസ്നാനങ്ങളിൽ ക്ലേശമനുഭവിച്ചാലും!

ദുര്യോധനൻ:— ഞാൻ അനുഗ്രഹിയ്ക്കപ്പെട്ടു. മുത്തച്ഛ, ഞാൻ വന്ദിയ്ക്കുന്നു.

ഭീഷ്മർ:— പൌത്ര, വരു, വരു. ഇപ്രകാരംതന്നെ അങ്ങയ്ക്കു ശമമുണ്ടായിവരട്ടെ!

ദുര്യോധനൻ:— ഞാൻ അനുഗ്രഹിയ്ക്കപ്പെട്ടു. അമ്മാമ, ഞാൻ വന്ദിയ്ക്കുന്നു.

---

൨൩. അയുക്തമാം=അനുചിതമാണ്.

൨൪. വൃത്തി=ഉപജീവനം. മൈത്രി=പ്രാണിസ്നേഹം.

ശകുനി:— ഉണ്ണി,

ഈവിധമേ വരദക്ഷിണ-
മായെല്ലാ യാഗവും കഴിച്ചു ഭവാൻ
വെന്നു, ജരാസന്ധൻ പോ-
ലെത്തിയ്ക്കുക നൃപരെ രാജസൂയത്തിൽ! (൨൩)

ദ്രോണർ:— (ആത്മഗതം) അമ്പോ, ശകുനിയുടെ ആശീർവാദവും ഉദ്വേഗജനകമായിരിയ്ക്കുന്നു. അല്ലെങ്കിൽ, ഈ ക്ഷത്രിയകുമാരൻ വിരോധപ്രിയനാണല്ലോ.

ദുര്യോധനൻ:— സഖേ, കർണ്ണ, ഗുരുജനവന്ദനാവസാനത്തിൽ ക്രമപ്രകാരം മിത്രവിശ്വാസം അനുഭവിച്ചാലും!

കർണ്ണൻ:— ഗാന്ധാരീനന്ദന,

ക്രതുവ്രതത്താൽ കൃശമിത്ത്വദംഗം
സഹിയ്ക്കുമോക്കെങ്കി,ലമർത്തു പുൽകാം;
ആലോചിയാതല്ല തൊടാത്തതീ ഞാൻ
രാജർഷിധീരോക്തിവശാൽ ഭയം മേ! (൨൪)

ദുര്യോധൻ:— ഇങ്ങിനെതന്നെ തോന്നട്ടെ!

ദ്രോണർ:— ഉണ്ണി, ദുര്യോധന, ഇതാ, ഇന്ദ്രൻെറ

---

൨൩. വരദക്ഷിണം=ശ്രേഷ്ഠമായ ദക്ഷിണയോടു കൂടിയത്.

൨൪. രാജർഷിധീരോക്തി=രാജർഷിമാർക്കൊത്ത ധീരവാക്യം

പ്രിയസ്നേഹിതനായ ഭീഷ്മകൻ ഭവാനെ ഉപചരിയ്ക്കുന്നു.

ദുഃയ്യോധനൻ:— ആയ്യന്നു സ്വാഗതം! ഞാൻ വന്ദിയ്ക്കുന്നു.

ഭീഷ്മർ:— പൌത്ര, ദുയ്യോധന, ഇതാ, തെക്കൻദിക്കിൻെറ രക്ഷിതാവായ ഭൂരിശ്രവസ്സു ഭവാനെ ഉപചരിയ്ക്കുന്നു.

ദുഃയ്യോധനൻ:— ആയ്യന്നു സ്വാഗതം!

ദ്രോണർ:— ഉണ്ണി, ദുയ്യോധന, ഭവാൻെറ യജ്ഞം കൊണ്ടാടാനായി ശ്രീകൃഷ്ണൻ അയച്ചിട്ടുള്ള അഭിമന്യു അങ്ങയെ ഉപചരിക്കുന്നു.

ശകുനി:— ഉണ്ണി, ദുയ്യോധന, ഇതാ, ജരാസന്ധപുത്രനായ സഹദേവൻ അങ്ങയെ വന്ദിയ്ക്കുന്നു.

ദുയ്യോധനൻ:—വരു, വരു, ഉണ്ണി, അച്ഛനെപ്പോലെ പരാക്രമിയായി ഭവിച്ചാലും!

എല്ലാവരും:— ഇതാ, എല്ലാ രാജാക്കന്മാരും അങ്ങയെ ഉപചരിക്കുന്നു.

ദുയ്യോധനൻ:— ഞാൻ അനുഗ്രഹിയ്ക്കപ്പെട്ടു. എയ്, എല്ലാ രാജാക്കന്മാരും വന്ന കൂട്ടത്തിൽ വിരാടൻ വരാഞ്ഞതെന്താണ്?

ശകുനി:— അദ്ദേഹത്തിനും ഞാൻ ആളെ അയച്ചിരുന്നു. വഴിക്കു താമസിച്ചുപോയതാണെന്നു തോന്നുന്നു.

ദുര്യോധനൻ:— അല്ലയോ ആചാര്യ, ധർമ്മത്തിലും ധനുസ്സിലും ആചാര്യ, ദക്ഷിണ സ്വീകരിക്കുക.

ദ്രോണർ:— ദക്ഷിണയോ! വരട്ടെ, വരട്ടെ! ഞാൻ ഭവാനോട് അപേക്ഷിച്ചുകൊള്ളാം.

ദുര്യോധനൻ:— ആചാര്യനും അപേക്ഷിക്കുകയോ?

ഭീഷ്മർ:— എന്താണ് പ്രയോജനം?

സേവിച്ചു ബാല്യദശയിങ്കൽ മുറക്കു സോമം;
വാഴ്വുകുടത്തണലിലുണ്ടുതുലോം യശസ്സും;
ഇല്ലായ്മ രാജഗുരുവാകിയ വിപ്രനേതി-
ലാ, വസ്തുവെന്തു? ഫലമെന്തു? മഹത്വമെന്തോ?
(൩൦)

ദുര്യോധനൻ:— ഭവാൻ കല്പിച്ചാലും! എന്താണിഷ്ടം?

ദ്രോണർ:— ഉണ്ണി, ദുര്യോധന, ഞാൻ പറയാം.

ദുര്യോധനൻ:— എന്താണ് ഇനിയും അങ്ങ് ആലോചിക്കുന്നത്?

ഭവാനാൽത്താൻ സംശിക്ഷിതനുയിരിനൊ-
ക്കാറാം പ്രിയനുമാ-
ണിവൻ, ശൂരന്മാരിൽ സ്ഥിതിയുടയവൻ,
സാഹസകരൻ;

---

൩൦. സോമം=സോമം എന്ന യജ്ഞലതയുടെ നീർ. ഇല്ലായ്മ=ദാരിദ്ര്യം. രാജഗുരുവായ ദ്രോണർക്ക് ഇതരന്മാരിൽനിന്നു ലഭിക്കേണ്ടതായിട്ടൊന്നുമില്ലെന്നു സാരം.

൩൧. സംശിക്ഷിതൻ=പഠിപ്പിക്കപ്പെട്ടവൻ. സാഹസകരൻ=സാഹസം (വിക്രമം) ചെയ്യുന്നവൻ.

ശരിയ്ക്കെന്തൊന്നിഷ്ടം? പറയുകി,വനെ-
ന്തേകണം?-മെന്നി-
യ്ക്കിരിക്കുന്ന കയ്യിൽഗ്ഗദയിതി,വിടെ-
യ്ക്കോ സകലവും! (൩൧)

ദ്രോണർ:— ഉണ്ണി, ഞാൻ പറയാം; എനിക്കു കണ്ണീർ കൊണ്ടു തൊണ്ടയിടറുന്നു.

എല്ലാവരും:— ആചാര്യനും കണ്ണീർ വാക്കുകയോ?

ഭീഷ്മർ:— പൌത്ര, ദുര്യോധന, വെറുതെയാണ്, അങ്ങെയുടെ ശ്രമം!

ദുര്യോധനൻ:— ആരവിടെ?

ഭടന്മാർ:— (പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും!

ദുര്യോധനൻ:— കുറെ വെള്ളം.

ഭടൻ:— മഹാരാജാവിൻെറ കല്പനപോലെ. (പോയി പ്രവേശിച്ചിട്ട്) മഹാരാജാവു ജയിച്ചാലും! ഇതാ, തണ്ണീർ.

ദുര്യോധനൻ:— കൊണ്ടുവരു. (ജലപാത്രം വാങ്ങിയിട്ട്) ആചാര്യ, മുഖം കഴുകുക.

ദ്രോണർ:— വരട്ടെ, എൻെറ കാര്യം ചെയ്യൽതന്നെ മുഖോദകമായിത്തീരട്ടെ!

ദുര്യോധൻ:— ഹാ, കഷ്ടം!

മമ മുൻകളവോത്തിട്ടുന്നുവെങ്കിൽ,-
ത്തരികില്ലെന്നുമുറച്ചിട്ടുന്നുവെങ്കിൽ,

ശരജാലകഠോരമായ കൈത-
ന്നരുളൂ; വെള്ളമിതാ, പ്രതിഗ്രഹാർത്ഥം! (൩൨)

ദ്രോണർ:— കൊള്ളാം, എനിയ്ക്കു വിശ്വാസമായി. ഉണ്ണി കേൾക്കൂ.

ആലംബമില്ലാത്തെവർ തന്നുടന്ത-
മറിഞ്ഞതില്ലാണ്ടുകൾ പന്തിരണ്ടാൽ;
ആപ്പാണ്ഡവന്മാൎക്കിഹ പങ്കുനൽകു-
കങ്ങുന്നി;-തേ ദക്ഷിണ, ഭിക്ഷയും മേ. (൩൩)

ശകുനി:— (ഉദ്വേഗത്തോടുകൂടി) ഹേ, അരുത്.

ഗുരുവാണെന്ന വിശ്വാസാ-
ലുറച്ചോതിയ ശിഷ്യനിൽ,
യജ്ഞമാം വഴി വെച്ചിട്ടീ-
ദ്ധൎമ്മവഞ്ചന യുക്തമോ? (൩൪)

ദ്രോണർ:— എന്ത്, ധൎമ്മവഞ്ചനയോ? അല്ലയോ ഗാന്ധാരരാജ്യം നേടി ഗൎവ്വിക്കുന്ന ശകുനി, അങ്ങ് അങ്ങയുടെ ദുഷ്ടതകൊണ്ട് എല്ലാ ലോകവും ദുഷ്ടമാണെന്നു വിചാരിക്കുന്നു. ഹാ കഷ്ടം!

ഭ്രാതാക്കൾക്കു കൊടുക്കുക

---

൩൨. ശരജാലകഠോരം= അസംഖ്യം ശരങ്ങൾ ഉപയോഗിച്ചതിനാൽ തഴമ്പുപിടിച്ചത്. പ്രതിഗ്രഹാൎത്ഥം=ദാനത്തിന്നായി.

പൈതൃകനാടെന്നതാണു വഞ്ചനപോൽ!
യാചിച്ചിട്ടേകുകയോ
നല്ലതവർ ബാലനകെക്കലൊക്കുകയോ? (൩൭)
എല്ലാവരും:— എന്ത്, ബലാൽക്കാരേണയോ?
ഭീഷ്മർ:— പൌത്ര, ദുര്യോധന, ഇപ്പോൾ, അവഭൃഥസ്നാനം മാത്രമാണുള്ളത്. മിത്രഭാവത്തിൽ പറയുന്ന ശത്രുവായ ശകുനിയുടെ വാക്കു കേൾക്കേണ്ടതില്ല. നോക്കു, പൌത്ര,
പൃഥാതനയരുഴിയിൽ,
ദ്രുപദരാജസൽപ്പുത്രിയൊ-
ത്തു,രത്തവിപിനത്തിലെ-
പ്പൊടിയുമേററ ചുററന്നതും;
നിനക്കവരിലപ്രിയം,
തയി വെറപ്പവക്കും ചിരാൽ
ജനിച്ചതു;—മിതൊക്കെവേ
ശകുനിതൻ കൊട്ടുമ്മദം! (൩൮)
ദുര്യോധനൻ:— ആകട്ടെ; ആചാര്യ, ഞാനൊന്നു ചോദിക്കുന്നു.
ദ്രോണർ:— ഉണ്ണി, ചോദിച്ചുകൊൾക.
ദുര്യോധനൻ:—
പണ്ടവമാനിച്ചില്ലേ
രാജ്യം വെപ്പിച്ചു സഭയിൽ വെച്ചവരെ;

൩൭. പൈതൃകം=അച്ഛന്റേത്.
൩൮. തയി=നിങ്കൽ. ചിരാൽ=വളരെക്കാലമായി.

അന്നാളരിശമടക്കിയ-
തെന്തു, ബലാൽക്കാരകുശലരാകുമവർ? (൩൧)

ദ്രോണർ:— ചൂതുകളിയിൽ ധർമ്മവ്യാജത്താൽ വഞ്ചിക്കപ്പെട്ട യുധിഷ്ഠിരനോടാണ് ഇതു ചോദിക്കേണ്ടത്.

അതുപൊഴുതവനല്ലയോ സഭത്തൂ-
ണളവുകൾ നോക്കിന ഭീമനെത്തടുത്തു?
ഒരുവിധമതിലൊന്നിൽ വിട്ടുവെങ്കിൽ-
ശ്ശകുനി പഴിക്കുകയില്ല നമ്മെയിപ്പോൾ! (൩൨)

ഭീഷ്മർ:— ഒന്നു തുടങ്ങി, മറ്റൊന്നായിത്തീൎന്നു; ആചാര്യ, ഇതിൽ കാര്യമാണ് പ്രധാനം, കലഹമല്ല.

ദ്രോണർ:—ഇരക്കാൻ കഴിയില്ല. കലഹം തന്നെയാവട്ടെ!

ഭീഷ്മർ:— ആചാര്യൻ പ്രസാദിച്ചാലും! നോക്കു, പൌത്ര,

---

൩൧. ബലാൽക്കാരകുശലർ=ബലം പ്രയോഗിപ്പാൻ ത്രാണിയുള്ളവർ.

൩൨. സഭത്തൂണളവുകൾ നോക്കിന=സഭയിലെ തൂണുകളുടെ വലുപ്പം കണ്ണുകൊണ്ട് കണക്കാക്കുന്ന. ('ഈ തൂണോ, ഈ തൂണോ ഇവരെ തല്ലിക്കൊല്ലാൻ പറിച്ചെടുക്കേണ്ടു' എന്ന് ആലോചിക്കുന്ന എന്നു ഭാവം). ഒന്നിൽ=ഒരു തൂണിന്നു നേരേ.

പാവങ്ങൾ, ദുർബലർ, നിരാശ്രയർ, തേടിടുന്നു
നിന്നോടിണക്കമവർ; മേന്മിനടിപ്പതില്ല;
നീമിതെ; നിങ്കലവർ വത്സലർ; നീ ഗൃഹത്തിൽ
കൈക്കൊൾകയോ? മൃഗവുമൊത്തവർ വാഴ്ക
(താനോ? (൩൯)

ശകുനി:—വാഴട്ടെ, വാഴട്ടെ!

കർണ്ണൻ:—ആചാര്യ, ദ്വേഷ്യപ്പെടരുത്. ദുര്യോധന
നാകട്ടെ,
ഏന്നും ചേർന്ന ഹിതത്തെയും പരുഷമായ്-
ച്ചൊന്നാൽച്ചൊടിയ്ക്കും; മഹൽ-
സ്ഥാനം പൂണ്ട ജനങ്ങൾതൻ മികവുപ-
ശ്ലാഘിപ്പതിഷ്ടപ്പെടാ;
നൂനം പോരുമിതൊക്കെ; നോട്ടക ഭവാൻ
ശിഷ്യൻെറ കാര്യം ശരി-
യ്ക്കാ;-നയ്യോപ്പമനർത്ഥവർഷിയെ മയ-
ത്താൽത്താൻ വശത്താക്കണം. (൪൦)

ദ്രോണർ:—ഉണ്ണി, കർണ്ണ, തേജസ്സേറിയതാണ് ബ്രാ
ഹ്മണ്യം. ഭവാൻ വേണ്ടസമയത്ത് എന്നെ
ഓർമ്മപ്പെടുത്തി. ഇതാ, ഞാൻ അങ്ങയുടെ
അഭിപ്രായത്തെ അനുവർത്തിക്കാം. ഉണ്ണി,

---

൩൯. മീതെ=പാലനാധികാരി. മൃഗം=മാനുകൾ (ജാത്യേകവചനം)

൪൦. മഹൽസ്ഥാനം പൂണ്ട=മഹാന്മാരായ. അനർത്ഥവർഷിയെ=ഇടഞ്ഞാൽ അനേകം ആപത്തുകളുണ്ടാക്കുന്നവനെ.

ദുൎയ്യോധന, ഞാൻ അങ്ങയുടെ നേതാവല്ല
യോ?

ഭീഷ്മർ:— (ആത്മഗതം) ഇദ്ദേഹം ഇപ്പോൾ നേർവ
ഴിയ്ക്കായി. സാമമാണല്ലോ, ദുൎവ്വിനീതന്മാൎക്ക്
ഔഷധം.

ദുൎയ്യോധനൻ:— എനിയ്ക്കു മാത്രമല്ല, എൻെറ വംശ
ത്തിന്നും സ്വാമിയാണ് ഇവിടുന്ന്.

ദ്രോണർ:— ഇതു ഭവാന്ന് യുക്തം തന്നെ. അതിനാൽ
ഉണ്ണി,

വഞ്ചിച്ചു നിന്നെയിവനെങ്കിൽ നിനക്കു തെററി-
ല്ലു:-ല്ലൽപ്പെട്ടതുകില,തും തവ ലാഭമത്രേ;
സദ്വംശ്യർതങ്ങടെ പരസ്പരമത്സരങ്ങൾ
ധൎമ്മാധികാരവചനത്തിൽ നികക്കുമല്ലോ.(൪൧)

ദുൎയ്യോധനൻ:— എന്നാൽ ഞാൻ ആലോചി
യ്ക്കട്ടെ.

ദ്രോണർ:— ഉണ്ണി, ആരോടുകൂടിയാണ് ആലോചി
ക്കുന്നത്.

ഭീഷ്മരൊടോ? കൎണ്ണനൊടോ?
കൃപരോടോ, വത്സ, സിന്ധുരാജനൊടോ?

---

൪൧. സദ്വംശ്യർതങ്ങടെ=കുലീനന്മാരുടെ. ധ
ൎമ്മാധികാരവചനം=ധൎമ്മോപദേഷ്ടാക്കളുടെ അനുശാ
സനം.

൪൨. സിന്ധുരാജൻ=ജയദ്രഥൻ. ദ്രൌണി=
അശ്വത്ഥാമാവ്.

ദ്രൗണിയൊടോ, വിദുരരൊടോ?
പാകാരോട,ച്ഛനമ്മമാരോടോ? (൪൨)

ദുര്യോധനൻ:— അല്ലല്ലാ, അമ്മാമനോട്.

ദ്രോണർ:— ശകുനിയോടോ? (ആത്മഗതം) കാര്യമൊക്കെത്തകരാറിലായി!

ദുര്യോധനൻ:—അമ്മാമ, ഇവിടുത്തോളം. സഖെ, കർണ്ണ, ഇവിടുത്തോളം.

ദ്രോണർ:—(ആത്മഗതം) ആട്ടെ, ഇങ്ങിനെ ചെയ്യാം. (പ്രകാശം) ഉണ്ണി, ഗാന്ധാരരാജ, ഇവിടുത്തോളം.

ശകുനി:— ഞാൻ ഇതാ.

ദ്രോണർ:—ഉണ്ണി,

ശൃങ്ങിക്കൂട്ടം വയസ്സായാൽ;
ക്ഷന്തവ്യം വിപ്രചാപലം;
ഏവം കയത്തോതിയരി-
ന്നാശ്ലേഷാതാൻ പ്രതിക്രിയ! (൪൩)

ഭീഷ്മർ:— (ആത്മഗതം)

ഗുരുനാഥനിതാ,ശിഷ്യ-
സ്നേഹത്താൽശ്ശകുനിയോടിരക്കുന്നു;
ഇങ്ങിനെ സാന്ത്വം ചൊൽകിലു-,
മിയ്യാൾ വെടിയുന്നതില്ല കുടിലതയെ. (൪൪)

---

൪൩. ആശ്ലേഷം=ആലിംഗനം

ശകുനി:— (ആത്മഗതം) അഹോ, സൂത്രക്കാരനായ ആചാര്യൻ തൻകാര്യത്തിന്നായി എൻെറ അടുക്കൽ സേവ കൂടുകയാണ്.

(എല്ലാവരും ചുററിനടന്ന് ഇരിക്കുന്നു.)

ദുര്യോധനൻ:— അമ്മാമ, പാണ്ഡവന്മാരുടെ പാതി രാജ്യത്തെപ്പററി എന്താണ് തീർച്ച?

ശകുനി:—കൊടുത്തുകൂടാ എന്നാണ് എൻെറ തീർച്ച.

ദുര്യോധനൻ:-കൊടുക്കാമെന്നു പറയണം അമ്മാമൻ.

ശകുനി:— രാജ്യം കൊടുത്തേ കഴിയൂ എങ്കിൽ, എന്തിനാണ് ഞങ്ങളോട് ആലോചിക്കുന്നത്? ഒക്കെ കൊടുത്തേക്കു!

ദുര്യോധനൻ:— സഖേ, കർണ്ണ, അങ്ങെന്തുപറയുന്നു?

കർണ്ണൻ:—ഞാനിപ്പോൾ എന്തു പറയാനാണ്?

രാമൻ ശരിക്കനുഭവിച്ചു ഭരിച്ചുപോന്ന
സൌഭ്രാത്രലക്ഷ്മിയെ മറന്നുരചെയ്കിടാ ഞാൻ;
അങ്ങേ, ഹിതാഹിതവിചാരണയിൽ പ്രമാണം;
സാംഗ്രാമവേളകളിലുററ തുണയ്ക്കു ഞങ്ങൾ (൪൫)

ദുര്യോധനൻ:— മാതുല, ബലവാന്മാരായ ശത്രുക്കളുള്ളതും ഇരുന്നുപൊറുപ്പാൻ കൊള്ളാത്തതുമായ

---

൪൫. സൌഭ്രാത്രലക്ഷ്മി=സഹോദരസ്നേഹസമ്പത്ത്. സാംഗ്രാമവേളകൾ=യുദ്ധാവസരങ്ങൾ.

ഒരു കുപ്രദേശം ആലോചിക്കൂ; അവിടെ പാൎത്തു കൊള്ളട്ടെ പാണ്ഡവന്മാർ.

ശകുനി:— അയ്യോ, കഷ്ടം!

ഇല്ലെന്ന പറയാമേവൻ
പാൎത്ഥനെക്കാറം ബലോത്തരൻ?
ധൎമ്മജൻ വാഴുകിൽ,സ്സൎവ്വ-
മുളവാമുവർമണ്ണിലും. (൪൬)

ദുൎയ്യോധനൻ:— എന്നാലിപ്പോഠം,

ഗുരുവിനുടെ കരത്തിൽ-
ത്തോയമേകിലയോ ഞാ-
നിഹ മഹിയിലിതല്ലേ?
മുഖ്യമായ് വൃദ്ധർ ചൊൽവൂ;
പരമിതു ചതിയോ, ദു-
ൎന്നീതിയോ, ഏതുമാട്ടേ:
നൃപ, ജലമതു പാഴാ-
ക്കായ്‌വതിന്നോൎത്തിടുന്നേൻ. (൪൭)

ശകുനി:—അങ്ങയുടെ വാക്ക് അസത്യമാകാഞ്ഞാൽ പോരെ?

ദുൎയ്യോധനൻ:—മതി.

ശകുനി:— എന്നാൽ, ഇങ്ങോട്ടു വരു. (അടുത്തുചെന്നിട്ട്) അല്ലേ, ആചാൎയ്യ, ഇതാ, അത്രഭവാൻ കുരുരാജാവ് അങ്ങയോടറിയിക്കുന്നു.

൪൭. തോയം=ജലം. ദുൎന്നീതി=അപനയം.

ദ്രോണർ:— വത്സ, ഗാന്ധാരരാജ, പറയു.

ശകുനി:— * പഞ്ചരാത്രംകൊണ്ടു് പാണ്ഡവന്മാരുടെ വൎത്തമാനം വരുത്താമെങ്കിൽ, പകുതി രാജ്യം കൊടുക്കാമത്രെ. ഇവിടുന്നു വരുത്തിക്കൊൾക.

ദ്രോണർ:— ഹാ, വേണ്ടു?

കള്ളപ്പണിക്കുന്നിയ നിങ്ങൾ പന്തിര-
ണ്ടാണ്ടാലെ കാണാത്തവരായ കൂട്ടരെ
എത്തിക്കണം പോലിരവഞ്ചുകൊണ്ടുഞാൻ:
ഭേദം തരില്ലെന്നു തുറന്നുചൊൽകതാൻ!! (൪൭)

ഭീഷ്മർ:— പൌത്ര, ദുൎയ്യോധന, വ്യാജമില്ലാത്തതാണ് ധൎമ്മം. നമുക്കും ഇക്കാൎയ്യത്തിൽ പ്രീതിയാണുള്ളത്. നോക്കു, പൌത്ര,

അപ്പാണ്ഡവൎക്കുകൊ,രാണ്ടിടട്ടോ
ന്നൂറാണ്ടിടട്ടോ ശരിയായ ഭാഗം;
അങ്ങേററതൊപ്പിക്കുക വീര: സത്യ
പ്രതിജ്ഞരല്ലോ കുരുവംശ്യരെന്നും. (൪൮)

ദുൎയ്യോധനൻ:— ഇങ്ങിനെതന്നെയാണ് എന്റെ നിശ്ചയം.

ദ്രോണർ:— (ആത്മഗതം)

പോയ സീതയെ്യാരാഴി
പിന്നിട്ടിട്ടറിയിച്ചിതോ;

---

*പഞ്ചരാത്രംകൊണ്ടു=അഞ്ചുരാത്രി കഴിയും മുമ്പിൽ.

ഇപ്പൊഴാ ഹനുമാനാകാൻ
കൊതി മേ കാൎയ്യതൃഷ്ണയാൽ! (൧൦)

എവിടെനിന്നാണ് പാണ്ഡവന്മാരുടെ വൎത്തമാനം വരുത്തേണ്ടത്?

ഭടൻ:— (പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും! വിരാടനഗരത്തിൽനിന്നു ദൂതൻ വന്നിരിക്കുന്നു.

എല്ലാവരും:— വേഗം കൂട്ടിക്കൊണ്ടു വരു.

ഭടൻ:— കല്പനപോലെ. (പോയി)

ദൂതൻ:— (പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും!

എല്ലാവരും:— വിരാടരാജാവു വന്നിട്ടുണ്ടോ?

ദൂതൻ:— വ്യസനം നിമിത്തമാണ് എഴുന്നള്ളാത്തത്.

എല്ലാവരും:— എന്താണ് അദ്ദേഹത്തിന്നു വ്യസനം?

ദൂതൻ:— മഹാരാജാവു കേട്ടാലും: അവിടത്തെ അടുത്ത ചാൎച്ചക്കാരായ കീചകന്മാരെ നൂറുപേരെയും

ആരോ കൊന്നീടിനാൻ രാവി-
ലൊളിവായ്ക്കൈകൊണ്ടു താൻ;

---

൧൦. കാൎയ്യതൃഷ്ണ=കാൎയ്യസിദ്ധിക്കുള്ള അതിയായ ആഗ്രഹം.

അനായുധക്കൊലയിതെ-
ന്നറിയാം മെയ്കൾ നോക്കിയാൽ! (൬൧)

ഭീഷ്മർ:— എന്ത്, ആയുധം കൂടാതെയോ! (സ്വകാര്യം) അല്ല ആചാര്യ, 'പഞ്ചരാത്രം' സ്വീകരിക്കാം.

ദ്രോണർ:— (സ്വകാര്യം) എന്തുകൊണ്ട്?

ഭീഷ്മർ:— (സ്വകാര്യം)

തിച്ച്പ്പെട്ടുത്താമിതു കൈമിട്ടുക്ക
തികഞ്ഞ ഭീമന്റെ വിനോദഭേദം!
ഈ ന്തുറ സോദര്യരിലുള്ള രോഷ-
മാ ന്തുറപേരിൽസ്സഫലീഭവിച്ചു! (൬൨)

ദ്രോണർ:— (സ്വകാര്യം) ഭവാനെങ്ങിനെ അറിഞ്ഞു?

ഭീഷ്മർ:— (സ്വകാര്യം)

വിദ്വാൻ, കരയിൽ വാലാട്ടി-
ക്കുളത്താട്ടും കൊച്ചുകാളകൾ
കൊമ്പാൽ കുത്തിയതിൻ പാടു
വൻകാളയറിയില്ലയോ? (൬൩)

ദ്രോണർ:— (സ്വകാര്യം) വൻകാള എന്നോ? ഹാ, കാര്യം സാധിച്ചു. (പ്രകാശം) ഉണ്ണി, ദുര്യോധന, പഞ്ചരാത്രമാവട്ടെ.

---

൬൧. അനായുധക്കൊല=ആയുധം കൂടാത്ത വധം.
൬൨. സോദര്യർ=സഹോദരർ.

ദുൎയ്യോധനൻ:— അതേ, പഞ്ചരാത്രമാവട്ടെ.

ദ്രോണർ:— ഹേ, ഹേ, യാഗത്തിന്നായി വന്ന രാജാക്കന്മാരേ, നിങ്ങൾ കേൾക്കുവിൻ. കേൾക്കുവിൻ! ഇതാ, അത്രഭവാൻ കുരുരാജാവു്. ദുൎയ്യോധനൻ- പോരാ, പോരാ, അമ്മാമനോടു യോജിച്ചു - പാണ്ഡവന്മാരുടെ വൎത്തമാനം എത്തിച്ചാൽ, പകുതി രാജ്യം കൊടുക്കാമത്രെ. അല്ലേ ഉണ്ണി?

ദുൎയ്യോധനൻ:—അതെ.

ദ്രോണർ:—ഇതു രണ്ടുമൂന്നു വട്ടം ഉറപ്പിച്ചു പറയു.

ശകുനി:—വേണ്ടപ്പോൾ അറിഞ്ഞുകൊള്ളാം.

ദ്രോണർ:— അല്ലേ ഗാംഗേയ?

ഭീഷ്മർ:— (ആത്മഗതം)

ആചാൎയ്യന്നു പരിതോഷം
ധൈൎയ്യത്തെത്തള്ളി വെളിയിലെത്തുന്നു;
ദുൎയ്യോധനനിൽച്ചതിയാ-
ലിദ്ദേഹത്തിന്നു ചതി പാറാം! (൩൮)

(പ്രകാശം) പൌത്ര, ദുൎയ്യോധന, എനിക്കു വിരാടന്റെ പേരിൽ ശ്രദ്ധവൈരമുണ്ടു്. ഇപ്പോൾ അങ്ങയുടെ യാഗത്തിന്നു വന്നില്ലേ

---

൩൮. ദുൎയ്യോധനനിൽച്ചതിയാൽ=ദുൎയ്യോധനനിൽ ചതി പ്രയോഗിക്കുകയാൽ.

നുമായി. അതിനാൽ, അയാളുടെ പശുക്കളെ പിടിച്ചടക്കണം.

ദ്രോണർ:— (സ്വകാര്യം) ഗാംഗേയ, എന്റെ പ്രിയ ശിഷ്യനാണല്ലോ വിരാടരാജാവ്. എന്തിനാണ് അദ്ദേഹത്തിന്റെ പൈക്കളെ പിടിച്ചടക്കുന്നത്?

ഭീഷ്മർ:— (സ്വകാര്യം) ശുദ്ധബ്രാഹ്മണ,

അരികേ രഥശബ്ദമേററണഞ്ഞാ-
ലരിശംകൊള്ളുവതാണു പാണ്ഡവന്മാർ:
അവർ നന്ദിയെഴുന്ന കൂട്ടരല്ലേ?
തവ കാര്യസ്ഥിതി ഗോഗ്രഹത്തിലത്രേ. (൭൭)

ഭടൻ:— (പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും! പട്ടണപ്രവേശത്തിന്നു തേരുകൾ തെയ്യാറായിരിക്കുന്നു.

ദുര്യോധനൻ:—

ചെയ്യാമിത്തേർകളാൽത്തന്നെ
തൽഗോഗ്രഹണമഞ്ജസാ;
വീണ്ടുമെൻ കയ്യിലെത്തട്ടെ
യജ്ഞത്താൽ സ്വസ്ഥയാം ഗദ! (൭൮)

ദ്രോണർ:—എന്നാൽ, കൊണ്ടുവരട്ടെ ഭൃത്യർ മമ തേർ;
ശകുനി:—എത്തിയ്ക്കുകെന്നാനയെ;-
കർണ്ണൻ:—പ്പാരം പോരിനു പോരുമശ്വവരരാൽ-
ത്തേർ പൂട്ടിനിർത്തീടുവിൻ!

---

൭൭. ഗോഗ്രഹം=ഗോഗ്രഹണം. [പശുക്കളെ പിടിച്ചടക്കൽ]

ഭീഷ്മർ:— ബദ്ധപ്പാടിവന്നാ വിരാടപുരിയിൽ-
ച്ചെല്ലാൻ; തരു വില്ലുടൻ,

എല്ലാവരും:—ചാപം വിട്ടിഹതാൻ വസിക്കുക ഭവാ-
നി;-ഞങ്ങളാജ്ഞാകരർ. (൭൧)

ദ്രോണർ:— ഉണ്ണി, ദുര്യ്യോധന, ഞങ്ങൾക്കു യുദ്ധത്തിൽ അങ്ങയുടെ പരാക്രമം കണ്ടാൽക്കൊള്ളാമെന്നുണ്ട്.

ദുര്യ്യോധനൻ:— ഇവിടുത്തെ ഇഷ്ടംപോലെ.

ദ്രോണർ:— ഉണ്ണി, ഗാന്ധാരരാജ, ഈ ഗോഗ്രഹണത്തിൽ ഒന്നാമത്തെ സ്ഥാനം അങ്ങയുടെയാണ്.

ശകുനി:— അങ്ങിനെതന്നെ; ഉത്തമപക്ഷം.

(എല്ലാവരും പോയി)

ഒന്നാമങ്കം കഴിഞ്ഞു.

---

൭൧. പോരും=ത്രാണിയുള്ള. ആജ്ഞാകരർ=ഭൃത്യർ.

# രണ്ടാമങ്കം.

---

(അനന്തരം ഒരു വൃദ്ധഗോപൻ പ്രവേശിക്കുന്നു)

വൃദ്ധഗോപൻ:—എന്റെ പൈക്കൾക്കു നല്ല കിടാങ്ങളുണ്ടാകട്ടെ! ഇടയപ്പെണ്ണുങ്ങൾ സുമംഗലികളായിത്തീരട്ടെ! ഞങ്ങളുടെ തമ്പുരാൻ വിരാടൻ ഏകച്ഛത്രാധിപതിയായി വരട്ടെ! വിരാടമഹാരാജാവിന്ന്, ആട്ടത്തിരുനാളിൽ പതിവുള്ള പശുദാനത്തിന് ഈ പട്ടണവീഥിയിൽ ചെല്ലാൻ പൈക്കളെ തെയ്യാറാക്കി. പെൺകിടാങ്ങളും ആൺകിടാങ്ങളുമൊക്കെ മോടിയിൽ വേഷവും ധരിച്ചുകഴിഞ്ഞു. ഞാൻ ചെന്ന് ഇവക്കു മൂപ്പനായി നില്ക്കാം. എന്താണ്, ഈ കാക്ക ഉണങ്ങിയ മരത്തിന്മേലിരുന്നു, ഉണക്കക്കൊമ്പിന്മേൽ കൊക്കുരസി, സൂര്യന്നു നേരേ നോക്കി വികൃതസ്വരത്തിൽ കരകയുന്നത്? ശാന്തി ഭവിക്കട്ടെ! ഞങ്ങൾക്കും പൈക്കൾക്കും ശാന്തി ഭവിക്കട്ടെ! ഇവരിൽ മൂപ്പനായി നിന്ന്, പെൺകിടാങ്ങളോടും ആൺകിടാങ്ങളോടും വിളിച്ചുപറയാം. ഗോമിത്രക, ഗോമിത്രക,

ഗോമിത്രകൻ:— (പ്രവേശിച്ച്) അമ്മാവ, ഞാൻ വന്ദിക്കുന്നു.

വൃദ്ധഗോപൻ:—ശാന്തി ഭവിക്കട്ടെ! നമുക്കും പൈക്കൾക്കും ശാന്തി ഭവിക്കട്ടെ! എടാ, ഗോമിത്രക, വിരാടമഹാരാജാവിന്ന് ആട്ടത്തിരുനാളിൽ പതിവുള്ള പശുദാനത്തിന്ന് ഈ പട്ടണവീഥിയിൽ ചെല്ലാൻ പൈക്കളെ തെയ്യാറാക്കി; പെൺകിടാങ്ങളും ആൺകിടാങ്ങളുമൊക്കെ മോടിയിൽ വേഷവും ധരിച്ചുകഴിഞ്ഞു. എടാ ഗോമിത്രക, പെൺകിടാങ്ങളേയും ആൺകിടാങ്ങളേയും വിളിക്കുക.

ഗോമിത്രകൻ:—അമ്മാവൻെറ കല്പന പോലെ. ഗോരക്ഷിണികേ, ഘൃതപിണ്ഡ, സ്വാമിനി, വൃഷഭദത്ത, കുംഭദത്ത, മഹിഷദത്ത, വരുവിൻ, വേഗം വരുവിൻ.

[എല്ലാവരും പ്രവേശിക്കുന്നു.]

എല്ലാവരും:—അമ്മാവ, വന്ദനം!

വൃദ്ധഗോപൻ:—ശാന്തി ഭവിക്കട്ടെ, നമുക്കും പൈക്കൾക്കും ഇടയപ്പെൺകിടാങ്ങൾക്കും ആൺകിടാങ്ങൾക്കും ശാന്തി ഭവിക്കട്ടെ! വിരാടമഹാരാജാവിന്നു ആട്ടത്തിരുനാളിൽ പതിവുള്ള പശുദാനത്തിന്ന് ഈ പട്ടണവീഥിയിൽ ചെല്ലാൻ പൈക്കളെ ഒരുക്കിയിരിക്കുന്നു. കുറേനേരം നമുക്ക് പാട്ടുകയും ആട്ടുകയും ചെയ്യാം.

എല്ലാവരും:— അമ്മാവൻെറ കല്പന പോലെ. (എല്ലാവരും ആടുന്നു)

വൃദ്ധഗോപൻ:— ഭേഷ്, ഭേഷ്! അസ്സലാട്ടം, അസ്സൽ പാട്ട്. ഞാനും ആടാം.

എല്ലാവരും:— അയ്യോ, അയ്യോ! അമ്മാവ, അതികമമായി പൊടിപൊങ്ങുന്നു.

വൃദ്ധഗോപൻ:— പൊടി മാത്രമല്ലാ, ശാഖിൻെറയും പെരുമ്പറയുടെയും ശബ്ദവും പൊങ്ങുന്നുണ്ട്.

എല്ലാവരും:— അയ്യോ! അമ്മാവ, പകൽച്ചന്ദ്രൻെറ നിലാവു പോലെ വിളത്ത പൊടികൊണ്ടു മൂടിയ സൂര്യൻ ഉണ്ടോ ഇല്ലയോ എന്നായല്ലോ!

ഗോമിത്രകൻ:— അയ്യോ! അമ്മാവ, ഇതാ, കുറെ കള്ളന്മാർ തയിർക്കട്ട പോലെ വെളുത്ത കുടകളുമായി, കുതിരവണ്ടിയിൽ കേറി, തൊഴുത്തുകളുടെ നേരെ പാഞ്ഞുവരുന്നു.

വൃദ്ധഗോപൻ:— അയ്യയ്യോ! അമ്പുകളും വന്നു വീഴുന്നു. ആൺകുട്ടികളെ, പെൺകുഞ്ഞങ്ങളെ, വേഗം കുടിലിൽ കടന്നോളിൻ.

എല്ലാവരും:— അമ്മാവൻെറ കല്പന പോലെ.

(പോയി)

വൃദ്ധഗോപൻ:— ഹാ! ഹാ! നില്പിൻ, നില്പിൻ!

അടിപ്പിൻ, അടിപ്പിൻ! പിടിപ്പിൻ, പിടിപ്പിൻ! നമുക്കു് ഈ വിവരം വിരാടമഹാരാജാവിനെ ഉണർത്തിക്കാം.

(പോയി)

പ്രവേശകം കഴിഞ്ഞു.

---

(അനന്തരം ഒരു ഭടൻ പ്രവേശിക്കുന്നു)

ഭടൻ:— ഹേ, ഹേ, വിരാടമഹാരാജാവിനെ ഉണർത്തിപ്പിൻ, ഉണർത്തിപ്പിൻ!— ഇതാ, ധാർത്തരാഷ്ട്രന്മാർ കള്ളന്മാരെപ്പോലെ ഒളിച്ചുവന്നു പൈക്കളെ കട്ടുകൊണ്ടുപോകുന്നു. അവിടെയാകട്ടെ,

കിടാങ്ങൾ പാഞ്ഞും, പശുപംക്തി മാഴ്കിയും,
വൃഷങ്ങൾ പേടിച്ചു പകച്ചുനോക്കിയും
മുഴക്കമാർത്തസ്വരമൊത്തു മുററുമേ
കുഴക്കമൊന്നാകുലമായി ഗോകുലം. (൧)

എന്നു്.

(അണിയറയിൽ)

ധാർത്തരാഷ്ട്രന്മാരോ?

ഭടൻ:— ആര്യ, അതെ.

---

൧. പംക്തി=കൂട്ടം. വൃഷങ്ങൾ=കാളകൾ.

കഞ്ചുകി:— (പ്രവേശിച്ച്) ഇതു്, സഹോദരന്മാരെ കൂടി ദ്രോഹിക്കുന്നവൎക്കു യോജിച്ചതു തന്നെ.

ചാപം കുലച്ചു,രിയ കഞ്ചുകയും മുറുക്കി,
മെയ്ച്ചട്ടയിട്ടു, ശരിയാക്കിയ തേരിലേറി,
വീഴ്ചക്കുറവൊടു കൃതാസ്ത്രരടക്കമെങ്ങും
രാജാവൊടുള്ള പക പൈക്കളിൽ വീഴ്ത്തിടുന്നു!
(൨)

ജയസേന, തിരുനാൾച്ചടങ്ങുകളിൽ ഏൎപ്പെട്ടിരിക്കുന്ന മഹാരാജാവിന്നു്, അനവസരത്തിൽ ഉണൎത്തിച്ചാൽ തിരുവുള്ളക്കേടുണ്ടാവും. അതിനാൽ, പുണ്യാഹം കഴിഞ്ഞിട്ടു് ഉണൎത്തിച്ചുകൊള്ളാം.

ഭടൻ:—ആട്ടെ, ഇതു് അടിയന്തരക്കാൎയ്യമാണു്. വേഗം ഉണൎത്തിക്കണം. (പോയി)

കഞ്ചുകി:—എന്നാൽ ഉണൎത്തിച്ചേക്കാം. (പോയി)

(അനന്തരം രാജാവു് പ്രവേശിക്കുന്നു)

രാജാ:—

ആയായ്, തേരൊലിയിലിളംകിടാങ്ങൾ ഞെട്ടി-
പ്പാഞ്ഞെതൻ പൈപ്പുരിഷ കവൎന്നുപോയിടുന്നു;
പീനാംസം വളയിളകിട്ടുമെന്റെ കയ്യോ,
നില്ലജ്ജം കളഭമണിഞ്ഞു സദ്ദ്യയുണ്ടു! (൩)

ജയസേന, ജയസേന!

---

൨. കൃതാസ്ത്രർ=ആയുധവിദ്യ ശീലിച്ചവർ.
൩. പീനാംസം=ചുമൽ തടിച്ചതു്.

ഭടൻ:— (പ്രവേശിച്ച്) മഹാരാജാവ് ജയിച്ചാലും!, ജയിച്ചാലും!

രാജാ:— മഹാരാജാവെന്നു പറയേണ്ട; എൻെറ ക്ഷത്രിയത്വം നിരസിയ്ക്കപ്പെട്ടുപോയി. യുദ്ധത്തെപ്പററി വിസ്തരിച്ചുപറയുക.

ഭടൻ:— മഹാരാജാവേ, അപ്രിയങ്ങൾ വിസ്തരിയ്ക്കത്തക്കവയല്ല. ഇതാണ് ചുരുക്കം:

നിറഞ്ഞ തേരിൻ പൊടിയാലൊരൊററ
നിറത്തിലാം മാട്ടുകൾതൻ വപുസ്സിൽ
ചമ്മട്ടിയേററീടിന പാടിൽമാത്രം
നാനാനിറം വേറതിരിഞ്ഞു കാൺമൂ! (൮)

രാജാ:—എന്നാൽ,

വിൽ തന്നീടുക; മമ തേരുമാശു പൂട്ടാം
കൂറുള്ളോർ പിറകെ വരട്ടെ വേണമെങ്കിൽ;
പൈക്കൾക്കായ്പ്പൊരുമൊരു വേല പാഴിലാകാ:
ചത്താലും പുകൾ; വിടുവിയ്ക്കിൽ നല്ല ധർമ്മം. (൯

ഭടൻ:—കല്പനപോലെ. (പോയി)

രാജാ:—അല്ലാ, എന്തായിരിയ്ക്കാം ദുര്യോധനന് എൻെറ പേരിൽ വൈരം? ഓ, യാഗത്തിന്നു ചെന്നില്ലെന്ന്. എങ്ങിനെ ചെല്ലും? കീചകന്മാരുടെ മരണംനിമിത്തം ഞങ്ങൾ വ്യസ

നത്തിലകപ്പെട്ടിരിക്കുന്നു. അല്ലെങ്കിൽ, അപ്ര ത്യക്ഷനായിട്ടെങ്കിലും, പാണ്ഡവന്മാരുടെ സ്നേഹിതനാണെന്നുള്ളതായിരിക്കാം. ഏതായാലും, പൊരുത്തുകതന്നെ വേണം. ഹസ്തിനപുരത്തിൽ താമസിച്ചിരുന്നതുകൊണ്ട്, ദുൎയ്യോധനൻെറ സ്ഥിതി സന്ന്യാസിയ്ക്കറിവുണ്ടാവും. അഥവാ,

ദുൎയ്യോധനൻെറ ദോഷത്തെ-
യിദ്ദേഹമുരചെയ്യിടാ;
ആവശ്യമുള്ളോൻ ചോദിച്ചു-
നോക്കുമല്ലോ നിരന്തരം. (൩൭)

ആരവിടെ?

ഭടൻ:— (പ്രവേശിച്ച്) മഹാരാജാവ് ജയിച്ചാലും!

രാജാ:— സന്ന്യാസിയെ വിളിച്ചുകൊണ്ടു വാ.

ഭടൻ:— കല്പനപോലെ (പോയി)

(അനന്തരം സന്ന്യാസി പ്രവേശിക്കുന്നു.)

സന്ന്യാസി:— (എല്ലാടവും നോക്കിയിട്ട്) എയ് ഇതെന്താണ്?

രഥൌഘം തെയ്യാറായ്; തുരഗവരർ സ-
ന്നദ്ധരാണിയി-
ച്ചിട്ടുന്നു മാതംഗേന്ദ്രരെയരമുറ-
ക്കി ഭടജനം;

---

൧. മാതംഗേന്ദ്രർ=വലിയ കൊമ്പനാനകൾ.

ഒരുക്കാ കണ്ടിട്ടെൻ മനസി പതിവി-
ല്ലാത്ത ഭയമൊ-
ന്നി;തെന്നെച്ചൊല്ലീട്ടല്ല,ചലമതി ഞാ-
ന,ക്ഷമരവർ. (൧)

(അടുത്തുചെന്നിട്ട്) ജയിച്ചാലും, ഭവാൻ ജയിച്ചാലും.

രാജാ:— ഭഗവാനേ, വിരാടൻ അഭിവാദനം ചെയ്യുന്നു.

സന്ന്യാസി:—നല്ലതു വരട്ടെ!

രാജാ:— ഞാൻ അനുഗൃഹീതനായി. ഇതാ, പീഠം. ഇരിക്കൂ.

സന്ന്യാസി:—(ഇരുന്നിട്ട്) അല്ലയോ രാജാവേ,

യുദ്ധോദ്യമമിതെന്തിനു:
രാജ്യശ്രീവർദ്ധനത്തിനോ?
ഗർവ്വിഷ്ഠക്കഴൽ ചേർപ്പാനോ?
ദീനസംരക്ഷണത്തിനോ? (൨)

രാജാ:— ഭഗവാനേ, ഗോഗ്രഹണത്താൽ എന്നെ അപമാനിച്ചുകളഞ്ഞു.

സന്ന്യാസി:— ആര്?

രാജാ:— ധാർത്തരാഷ്ട്രന്മാർ.

സന്ന്യാസി:— ധാർത്തരാഷ്ട്രന്മാരോ? (ആത്മഗതം) ഹാ, കഷ്ടം!

---

൧. അചലമതി=മനസ്സിന്നു കുലുക്കമില്ലാത്തവൻ.

ഏകോദകത്വം ഭുവനേ മനസ്വി-
മനസ്സിനാകമ്പമിയററിടുന്നു;
വൈരപ്രിയന്മാരവർ തെററു ചെയ്കെ-
ത്തോന്നുന്നു തെററിയ്യിവർ ചെയ്യുംപോലെ (൯)

രാജാ:— ഭഗവാനേ, എന്താണിപ്പോൾ വിചാരിക്കുന്നതു്?

സന്ന്യാസി:— ഒന്നുമില്ല. അവരെപ്പററി ദുഃഖിയ്ക്കയാണു്.

രാജാ:— ഇനിമേൽ അനങ്ങുകയില്ല. ശക്തനാണെങ്കിലും യുധിഷ്ഠിരൻ ക്ഷമിക്കുമെന്നു വെച്ചിട്ടു, ഞാൻ ക്ഷമിക്കുന്നതല്ല.

സന്ന്യാസി:— ശരിതന്നെ. (ആത്മഗതം)

ഇപ്പോൾ, പർണ്ണാസ്തീർണ്ണഭൂവിൽക്കിടപ്പും,
രാജ്യഭ്രംശം, കൃഷ്ണയെത്തീണ്ടൽതാനും,
വേഷം മാറിപ്പാർപ്പുമെല്ലാം പ്രശസ്തം!
മൽക്ഷാന്തത്വം ജ്ഞാതമായ്‌വന്നുവല്ലോ. (൧൦)

ഭടൻ:— (പ്രവേശിച്ചു്) മഹാരാജാവു് ജയിച്ചാലും!

രാജാ:— പിന്നെ, ദുര്യോധനൻ എന്തു പ്രവർത്തിക്കുന്നു?

൯. ഏകോദകത്വം=ജ്ഞാതിത്വം. [ഒന്നിച്ചു ബലിയിടേണ്ടുക ചാർച്ച. ഇയ്യിവർ=ഞങ്ങൾ.

൧൦. പർണ്ണാസ്തീർണ്ണഭൂവിൽ= ഇലകൾ വിരിച്ച നിലത്തു്. പ്രശസ്തം=ശ്ലാഘ്യമായിത്തീർന്നു. മൽക്ഷാന്തത്വം=എന്റെ ക്ഷമ. ജ്ഞാതം=അറിയപ്പെട്ടതു്.

ഭടൻ:— ദുര്യോധനൻ മാത്രമല്ലാ, ഭൂമിയിലെ രാജാ
ക്കന്മാരൊക്കെ എത്തിയിട്ടുണ്ട്:

ദ്രോണൻ, ജയദ്രഥ,നശ്വത്ഥാമദിതനൂജൻ
ശല്യൻ, കൃപൻ, ശകുനി, വിശ്രുതനംഗരാജൻ—
തേരോടിയാടയുലയും കൊടികൊണ്ടു തന്നേ
തോരമ്പി ഞങ്ങളവർ തൻ കണയാലെയല്ല. (൧൧)

രാജാ:—(എഴുന്നേററു തൊഴുതുംകൊണ്ട്) തത്രഭവാൻ
ഭീഷ്മരും വന്നിട്ടുണ്ടോ?

സന്ന്യാസി:—(ആത്മഗതം) കൊള്ളാം. ആക്രമിക്ക
പ്പെട്ടിട്ടും ഇദ്ദേഹം മര്യാദ വിട്ടില്ല. എയ്,

എഴുന്നള്ളിയതെന്തിന്നോ
കുരുക്കളുടെ സൽഗുരു?
കരാർ കടന്നിതെന്നെന്നെ
സ്മരിപ്പിപ്പതിനായ് വരാം! (൧൨)

രാജാ:—ആരവിടെ?

ഭടൻ:—(പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും!

രാജാ:—സൂതനെ വിളിച്ചുകൊണ്ടു വാ.

ഭടൻ:—കല്പനപോലെ. (പോയി)

സൂതൻ:—(പ്രവേശിച്ച്) തിരുമേനി ജയിച്ചാലും!

രാജാ:—

കൊണ്ടുവാ തേരുടൻ; വന്നി-
ട്ടുണ്ടു മാന്യൻ രണാതിഥി;

---

൧൨. സ്മരിപ്പിപ്പതിന്=ഓർമ്മിപ്പിക്കുവാൻ.

൧൩. രണാതിഥി=യുദ്ധംകൊണ്ടു സൽക്കരിക്കപ്പെടുന്ന വിരുന്നുകാരൻ.

ഭീഷ്മക്കമ്പുകളാൽത്തോഷ-
മേല്പിപ്പനജയൈഷി ഞാൻ. (൧൩)

സൂതൻ:— കല്പനപോലെ. തിരുമേനി,
അരിസൈന്യഭേദനത്തിൽ-
പ്പരിചിതമാകും ഭവാന്റെ തേരില്ല;
അതു കൊണ്ടുപോയിതുത്തര-
നടരിൽത്തേർവിദ്യ കാണിപ്പാൻ. (൧൪)

രാജാ:— ഉണ്ണി പോയ്ക്കഴിഞ്ഞുവോ?

സന്ന്യാസി:— രാജാവേ, അയയ്ക്കരുത്, ഉണ്ണിയെ അയയ്ക്കരുത്.

ഓക്കാ ദോഷഗുണങ്ങൾ; ബാല്യദശയാൽ
പോർവാശിയുള്ളോന്നുമാ-
ണേററാൽപ്പിന്നെയൊരാഹവാനലനെരി-
ച്ചീടാതിരിയ്ക്കാ ദൃഢം;
ഗാന്ധാരിസുതരോ, മടിയ്ക്കുകയുമി-
ല്ലെന്നും പ്രവർത്തിയ്ക്കുവാൻ;
പോരിൻകേടുകളാദരക്കുറവു കൊ-
ണ്ടല്ലിങ്ങു ചൊല്ലുന്നു ഞാൻ. (൧൫)

രാജാ:— എന്നാൽ, മറെറാരു തേർ വേഗത്തിൽ തെയ്യാറാക്കുക.

സൂതൻ:— കല്പന പോലെ.

---

അജയൈഷി=ജയേച്ഛയില്ലാത്തവൻ.

൧൪. അരിസൈന്യഭേദനം=പാറലർപ്പടപിളക്കൽ.

൧൫. ആഹവാനലൻ=യുദ്ധമാകുന്ന അഗ്നി.

രാജാ:— അല്ലെങ്കിൽ വരിക.

സൂതൻ:— തിരുമേനി, ഇതാ അടിയൻ.

രാജാ:—

നീതാനിപ്പോൾ കുമാരന്റെ
തേർതെളിയ്ക്കുഞ്ഞതെന്തുവാൻ?
വിടതന്നോ നിനക്കയാൾ?
നൃപർതൻ സൂതനല്ലി നീ? (൧൩)

സൂതൻ:— തിരുമേനി പ്രസാദിയ്ക്കണം. അടിയൻ സൂതന്റെ മുറയ്ക്കു തേരും പൂട്ടിക്കൊണ്ടു ചെന്നു. കുമാരനാകട്ടെ,

കളിയാക്കുന്നതിന്നോ, കെ-
ല്പതിന്നുണ്ടെന്ന മൂലമോ,
എന്നെത്തള്ളിത്തേർ തെളിപ്പാൻ
ബൃഹന്നളയെയാക്കിനാൻ. (൧൪)

രാജാ:— ബൃഹന്നളയോ?

സന്ന്യാസി:— രാജാവേ മതിമതി, പരിഭ്രമം.

ചക്രങ്ങൾകൊണ്ടു പൊടിമാരി പൊഴിച്ചിടുന്ന
തേരോണ്ടു നമ്മുടെ ബൃഹന്നളപോയിയെങ്കിൽ,
തേർതന്നെ, നേമിയൊലികൊണ്ടു തടുത്തു,ബാണം
കൂടാതെയും ദ്രുതമമിത്രരെ വെന്നുകൊള്ളും. (൧൫)

രാജാ:—ആട്ടെ, ക്ഷണത്തിൽ മറെറാരു തേർ തെയ്യാറാക്കുക.

---

൧൫. നേമി=ചക്രത്തിന്റെ ചുററ്. അമിത്രരെ=വൈരികളെ.

സൂതൻ:—കല്പന പോലെ (പോയി)

ഭടൻ:—(പ്രവേശിച്ച്) കൊച്ചുതമ്പുരാന്റെ തേർ അപജയപ്പെട്ടുപോയി.

രാജാ:—അപജയപ്പെട്ടുപോയോ?

സന്ന്യാസി:— എങ്ങിനെ അപജയപ്പെട്ടു?

ഭടൻ:— മഹാരാജാവു കേട്ടാലും:

യുദ്ധജ്ഞർ മാററാർ പലരൊ-
ത്തശപമാർഗ്ഗം തടുക്കയാൽ,
തോററു കാട്ടിലൊളിച്ചീടാൻ
ചുടലയ്ക്കായ്ത്തിരിച്ചു തേർ. (൧൯)

സന്ന്യാസി:— (ആത്മഗതം) ഓ, അവിടെയാണല്ലോ ഗാണ്ഡീവം. (പ്രകാശം) രാജാവേ,

നിമിത്തമൊന്നുദിച്ചു, തേർ
ചുടലയ്ക്കായ്ത്തിരിച്ചതിൽ;
ന്യൂറവർ നിവസിച്ചീട്ടു-
മിടം ചുടലയായ് വരും! (൨൦)

രാജാ:— ഭഗവാനേ, അനവസരത്തിലെ 'ഫലിതം' അരിശമാണുണ്ടാക്കുക.

സന്ന്യാസി:— അരിശം തോന്നേണ്ടാ. ഒരിക്കലും ഞാൻ വ്യാജം പറയുകണ്ടായിട്ടില്ല.

രാജാ:— അതു ശരിതന്നെ. (ഭടനോട്) പോ; വീണ്ടും വൎത്തമാനമറിയുക.

ഭടൻ:— കല്പനപോലെ (പോയി)

രാജാ:—

പെട്ടെന്നീശ്ശബ്ദമെന്തുഴി-
യൊട്ടുക്കിളകിടും വിധം,
ആററിൻ നീർക്കുത്തുപോലാശു
വന്നെത്തീടുന്നു വക്രമായ്? (൨൧)

ശബ്ദം എന്താണെന്നറിയുക.

ഭടൻ:— (പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും! ചുടുകാട്ടിൽനിന്ന്, അല്പനേരം കുതിരകളെ വിശ്രമിപ്പിച്ച കുമാരൻ—

സന്ന്യാസി:— ഇവൻ എന്നെ അസത്യവാദിയാക്കുകയില്ല.

ഭടൻ:—

അമ്പേറെസ്സമ്പതിപ്പിച്ചസിതകരികളിൽ-
ച്ചെന്നിറം കേററിനാൻ; നൂ-
റമ്പേററിടാതെ കാണ്മീലൊരു കുതിരയെയോ,
ഹന്ത! പോരാളിയെയോ;
അമ്പാലമ്പേറിടും തേരുകൾ ചെറുതുമന-
ങ്ങാതെയായ്, മാർഗ്ഗമൊട്ടു-
ക്കമ്പോലേമൂടി;— യമ്പിൻ കൊടുനദിയെയൊഴു-
ക്കുന്നു കോദണ്ഡദണ്ഡാ. (൨൨)

സന്ന്യാസി:— (ആത്മഗതം)

---

൨൨. സമ്പതിപ്പിച്ച്=എയ്തുവീഴ്ത്തി.

അക്ഷയ്യതൂണിതപാഹിതഃ—നിയതാന്നി-
നാകല്ലുദയാ, ഖാണ്ഡവകാനനത്തിൽ,
വൃത്രാരി പേമാരികളെത്ര പെയ്യി-
ത്തത്രകൾ താന്നമ്പുകളെയ്തുവിട്ടു! (൨൩)

രാജാ:— ശത്രുക്കളുടെ സ്ഥിതി ഇപ്പോഴെന്താണ്?

ഭടൻ:— അത് അടിയന്നു കാണാൻകഴിഞ്ഞില്ല.
വർത്തമാനക്കാർ പറയുന്നു:

ദ്രോണൻ വില്ലിനുടെ വൻമുഴക്കമതിതെന്ന-
    റിഞ്ഞഥ മടങ്ങിനാൻ;
ബാണമക്കൊടിയിലേററകണ്ടു മതിയെന്നു
    ഭീഷ്മർ പൊരുതാതെയായ്;
ക്ഷീണനായ് കണകളേററ കർണ്ണനുടനെ—ന്തി-
    തെന്നിതരെല്ലവരും;
പ്രാണഭീതി വിലവെപ്പതില്ലിഹ കുമാര-
    നാകുമഭിമന്യുതാൻ. (൨൪)

സന്ന്യാസി:— അഭിമന്യു വന്നിട്ടുണ്ടോ? അല്ലയോ രാജാവേ,

സൌഭദ്ര,നിരുകുലത്തിൻ
തേജസ്സാമഗ്നി, പൊരുവതുണ്ടെങ്കിൽ,
സൂതനെ വേറെയയയ്ക്കണ-,
മിങ്ങെല്ലൂതാകാ ബൃഹന്നളയാൽ. (൨൫)

---

൨൩. അക്ഷയ്യതൂണിതപാ=അമ്പൊടുങ്ങാത്ത ആവനാഴികളുള്ളവൻ എന്ന നില.

രാജാ:— അങ്ങിനെ പറയേണ്ട.

ഭീഷ്മൻ രാമശരാവഭിന്നകവചൻ,
മന്ത്രായുധൻ ദ്രോണര-,
കർണ്ണൻ, സൈന്ധവരാജനെന്നിവരെയും,
മററുഴിപന്മാരെയും
തോല്പിച്ചിട്ടഭിമന്യുവെ,പ്പിതൃഭയാൽ
ധർഷിച്ചിടാതാകുമോ?
സഖ്യം കൊൾകിലതും സുഹൃത്ത്വസദൃശ-
പ്രായത്തിനൊത്തുള്ളതാം. (൨൬)

ഭടൻ:— കൊച്ചുതമ്പുരാന്റെ രഥമാകട്ടെ,
നിൽക്കിൽത്തിരിയു-;മോട്ടമയച്ചുവിട്ടാൽ;
ചെന്നാക്രമിച്ചിടുവതില്ലിടർ ചേർപ്പതില്ല;
ചാരെ കിടന്നുതിരിയുന്ന രഥം പയററൽ
കാട്ടിക്കൊടുത്തിടുകയാണവനെന്നു തോന്നും.
(൨൭)

രാജാ:— പോയ്ക്കൊൾക, വീണ്ടും വിവരമറിയൂ.

ഭടൻ:— മഹാരാജാവിന്റെ കല്പനപോലെ (പോയി, പ്രവേശിച്ചിട്ട്) മഹാരാജാവു ജയിച്ചാലും! വിരാടേശ്വരൻ ജയിച്ചാലും! അടിയൻ സന്തോഷവൎത്തമാനം തിരുമനസ്സണത്തിക്കാം: ഗോഗ്രഹണത്തിൽ തോററു ധാൎത്തരാഷ്ട്രന്മാർ ഒഴിച്ചുപോയി.

---

൨൬. രാമ.....വചൻ=ഭാൎഗ്ഗവരാമന്റെ അമ്പാറിട്ടുകൂടി പൊട്ടാത്ത ചട്ടയുള്ളവൻ. പിതൃഭയാൽ=അൎജ്ജുനനെ ഓൎത്തു ഭയപ്പെട്ടിട്ട്. ധൎഷിക്കുക=ആക്രമിക്കുക.

സന്ന്യാസി:— ഭവാൻ ഭാഗ്യശാലി തന്നെ.

രാജാ:— അല്ലല്ല, ഇവിടുത്തെ ഭാഗ്യമാണിത്. പിന്നെ ഉണ്ണി എവിടെ?

ഭടൻ:— വിക്രമം കാട്ടിയ പടയാളികളുടെ വിവരം എഴുതിച്ചുവെക്കുകയാണ് കൊച്ചുതമ്പുരാൻ.

രാജാ:— കൊള്ളാം. ഉണ്ണിയുടെ പ്രവൃത്തി ശ്ലാഘനീയം തന്നെ.

പുകഴ്ത്തീടേണ്ടും തൊഴിലാൽ
പരിക്കേററുള്ള യോധനിൽ,
കാലേ ചെയ്യുന്ന സൽക്കാരം
ചാലേ പോക്കുന്നു നോവിനെ. (൨൨)

ബൃഹന്നളയെവിടെ?

ഭടൻ:—സന്തോഷവർത്തമാനം അറിയിപ്പാൻ അകത്തേയ്ക്കു പോയി.

രാജാ:—ബൃഹന്നളയെ വിളിയ്ക്കു.

ഭടൻ:—കല്പനപോലെ. (പോയി)

(പിന്നെ ബൃഹന്നള പ്രവേശിക്കുന്നു.)

ബൃഹന്നള:—(തന്നെത്താൻ നോക്കി വിചാരത്തോടുകൂടി.)

ഗാണ്ഡീവം കുലയേററവാൻ കുറെയിട-
യ്ക്കുണ്ടായ് പിണക്കം; ശര-

---

൨൨. യോധൻ=പടയാളി. നോവിനെ=ആയുധമേററിട്ടുള്ള വേദനയെ.

വ്യാപാരങ്ങളിൽവേണ്ടപോലെ മുറുകി-
ച്ചേരാതെയായ് മുഷ്ടി മേ;
കൈത്തണ്ടയ്ക്കു പടുത്വമില്ലൊട്ടും;-ഞാവെട്ട-
പ്പെട്ടാതെയായ് നില്പിനും;
പിമ്പാൎമ്മിച്ചു വിട്ടത്തിന്നെൻ പരിചയാൽ
സ്ത്രീത്വത്തിൽനിന്നെന്നെ ഞാൻ. ൨൯
ഞാനാകട്ടെ,
ഈവേഷമാട്ടുഴിപൎത്തൻ നടുക്കിൽ
നാണിച്ചുകൊണ്ടേ നെടുവിൽ വലിപ്പൂൻ;
എന്നാലുമമ്പിൻമഴ പെയ്യുതിങ്ങു;
കുതിന്നമൎന്നുപൊടിയും ക്ഷണത്താൽ. (൩൦
ഹാ,
മന്നന്റെ ഗോനിരയെ വീണ്ടു ജയം ലഭിച്ചു-
വെന്നാലുമെൻകരളിനില്ല ജയപ്രഹൎഷം:
ദുശ്ശാസനാഖ്യനെയടൎത്തലയിൽപ്പിടിച്ചു-
കെട്ടാതെയില്ലി,യിഹ മാത്സ്യപുരത്തിലെത്തി!
(൩൧
ഉത്തരയുടെ സമ്മാനമായ ആഭരണവും അണിഞ്ഞു, രാജാവിനെക്കാണ്മാൻ എനിക്കു ലജ്ജ തോന്നുന്നു. അതിനാൽ വിരാടപതിയെ കാണുകതന്നെ. (ചുററി നടന്നു നോക്കിയിട്ട്) അല്ലാ, ഇതാ ആൎയ്യയുധിഷ്ഠിരൻ,

---

൨൯. ശരവ്യാപാരം=അസ്ത്രപ്രയോഗം. മുഷ്ടി=കൈപ്പിടി.

൩൧. ജയപ്രഹൎഷം= ജയിച്ചതുകൊണ്ടുള്ള സന്തോഷം.

സമയൗവനൻ ശ്രേഷ്ഠതപോവനപ്രിയൻ,
നരേശ്വരൻ ബ്രാഹ്മണവൃത്തി പൂണ്ടവൻ,
വിരാജ്യനായാലുമതിശ്രീയോജ്ജ്വലൻ,
ത്രിദണ്ഡമാന്നാലുമദണ്ഡധാരകൻ! (൩൨)
(അടുത്തു ചെന്നു്) ഭഗവാനേ, ഞാൻ അഭിവാദ്യംചെയ്യുന്നു.

സന്ന്യാസി:— നല്ലതു വരട്ടെ!

ബൃഹന്നള:— സ്വാമി ജയിച്ചാലും!

രാജാ:—

രൂപം വൃഥാ, ജാതിവൃഥാ, മഹാങ്കലും;
കർമ്മം വിളങ്ങുന്നിതു താണവങ്കലും:
മുൻ മോശമായ്ത്തള്ളിയിരുന്ന മെയ്യിതീ—;
മെയ് തന്നെ വീണ്ടും ബഹുമാനപാത്രമായ്!
(൩൩)

ബൃഹന്നളേ, ക്ഷീണിച്ചിരിക്കുന്ന ഭവതിയെ ഞാൻ വീണ്ടും ക്ഷീണിപ്പിയ്ക്കുകയാണ്: യുദ്ധവർത്തമാനം വിസ്തരിച്ചു പറയുക.

ബൃഹന്നള:— മഹാരാജാവു കേട്ടാലും—

ഭടൻ:— (പ്രവേശിച്ചു്) മഹാരാജാവു സർവ്വോൽക്കർഷേണ വർത്തിച്ചാലും!

---

൩൨. വിരാജ്യൻ=രാജ്യം പോയവൻ. അദണ്ഡധാരകൻ=ദണ്ഡം [ദണ്ഡനീതി] നടത്താത്തവൻ.

൩൩. കർമ്മം വിളങ്ങുന്നിതു=കർമ്മം നന്നായാൽ, ഇരുകൂട്ടരും ഒരുപോലെ ബഹുമാനനീയരായിത്തീരുന്നു. മെയ്യിതു്=ബൃഹന്നളയുടെ നപുംസകരൂപം.

രാജാ:—

നിൻ ഹർഷം പുത്രനായ്ക്കാണ്മൂ;
ചൊൽകെ,ന്താശ്ചര്യകാരണം?

ഭടൻ:— അവിശ്വാസ്യം പ്രിയം വന്നു:
പിടിയിൽപ്പെട്ടു ഫാൽഗുനി! (൩൪)

ബൃഹന്നള:— പിടിയിൽപ്പെട്ടു എന്നോ? (ആത്മഗതം)

പടയിതിനുടെ കെല്പളന്നു പാർത്ത-
ന്ന,ടരതിൽ ഞാനവനെയിന്നു കണ്ടേൻ;
ഒരുവനവനു തുല്യനില്ലി-;താരായ്
വരുമിഹ, കീചകർ ചത്തുപോയിരിക്കേ? (൩൫)

സന്യാസി:— ബൃഹന്നളേ, ഇതെന്താണ്?

ബൃഹന്നള:— ഭഗവാനേ,

കാണ്മിലവനെ വെൽവോനെ
ഞാനു;-വൻ ബലി, ശിക്ഷിതൻ;
താതർതൻ ഭാഗ്യദോഷത്താൽ
പററിയേക്കാം പരാജയം. (൩൬)

രാജാ:— എങ്ങിനെയാണിപ്പോൾ പിടിച്ചത്?

ഭടൻ:—

തേരിൽച്ചെന്നേറി നിശ്ശങ്കം
കൈകളെക്കൊണ്ടിറക്കിനാൻ—

രാജാ:— ആര്?

---

൩൪. ഫാൽഗുനി=അഭിമന്യു.

൩൫. ബലി=ബലവാൻ

ഭടൻ:—

തിരുമേനി മടപ്പള്ളി-
പ്പണിയ്ക്കു നിയമിച്ചവൻ. (൩൦)

ബൃഹന്നള:— (സ്വകാര്യം) എന്നാൽ, ഭീമജ്യേഷ്ഠൻ ആലിംഗനംചെയ്യുതാണ്; പിടിയ്ക്കുയല്ല.

അകലെക്കണ്ടു സന്തോഷി-
യ്ക്കുകയേ ചെയ്യുതുള്ളു ഞാൻ;
ആസ്വദിച്ചു സുതസ്നേഹം
വെളിവായ്ച്ചെയ്യുമഗ്രജൻ! (൩൧)

രാജാ:— എന്നാൽ, അഭിമന്യുവിനെ സൽക്കരിച്ച് അകത്തെയ്ക്കു കൊണ്ടുവരട്ടെ.

സന്ന്യാസി:— രാജാവേ, വൃഷ്ണികളുടേയും പാണ്ഡവന്മാരുടേയും കുട്ടിയായ അഭിമന്യുവിനെ സൽക്കരിച്ചാൽ, പേടിച്ചിട്ടാണെന്ന് ആളുകൾ കരുതും. അതിനാൽ ഇവനെ അനാദരിയ്ക്കുയാണ് വേണ്ടത്.

രാജാ:— യാദവീപുത്രനെ അനാദരിച്ചുകൂടാ. എന്തെന്നാൽ,

പാർത്ഥൻതൻ മകനാണിവൻ; ബത, വയ-
സ്സെന്നുണ്ണിയോടൊപ്പമാം;
പാഞ്ചാലന്നിഹ ചാർച്ചയുണ്ട-;തുവഴി-
യ്ക്കെൻ പുത്രിതൻ പുത്രനാം;

---

൩൦. മടപ്പള്ളിപ്പണി=അടുക്കളപ്പണി.

ജാമാതൃത്വവുമാമട്ടത്തു; മകളു-
ണ്ടല്ലോ നമുക്കു;-ച്ഛ്യനാ-
ണാവും പോലതിഥിത്വമൂലവുമിവൻ;
കൌന്തേയരെൻ കൂറരകാർ. (൩൯)

സന്ന്യാസി:— ശരിതന്നെ; പറയുകയും പരിഗ്രഹിക്കു കയും ആവശ്യമാണ്.

രാജാ:— ആരാണ് അവനെ അകത്തേക്കു കൊണ്ടു വരുവാൻ?

സന്ന്യാസി:— ബൃഹന്നള കൊണ്ടുവരട്ടെ.

രാജാ:— ബൃഹന്നളേ, അഭിമന്യുവിനെ അകത്തേക്കു കൊണ്ടുവരിക.

ബൃഹന്നള:— മഹാരാജാവിൻെറ കല്പനപോലെ. (ആത്മഗതം) ഏറെ നാളായി കൊതിച്ചുവരുന്ന കല്പനയാണ് ഈ കിട്ടിയത്. (പോയി)

സന്ന്യാസി:— (ആത്മഗതം)

ചെന്നേകാന്തേ കണ്ടുകൊള്ളട്ടെ! കണ്ടാ-
പ്പുത്രൻതന്നെപ്പൂണ്ടുകൊള്ളട്ടെ ഗാഢം!
സ്വൈരം കണ്ണീരാണ്ടുകൊള്ളട്ടെ മോദാൽ!
ഇഷ്ടാർക്കുണ്ടാം നാണമൊന്നുമില്ലായാൽ.
(൪൦)

രാജാ:— ഇവിടുന്നു നോക്കു, കുമാരൻ ചെയ്യുത്:

---

൩൯. അച്ഛ്യൻ=പൂജനീയൻ

൪൦. ഏകാന്തേ=വിജനത്തിൽ.

മന്നോർകൾ ഭീഷ്മാദികൾ തോറ്റൊഴിച്ചു;
വന്നേററ സൌഭദ്രനെയാ പിടിച്ചു;
ഇന്നുത്തരൻ മന്നിടമൊക്കെവെന്നി-
തെന്നായ് ചുരുക്കത്തിലിതിൻെറ സാരം! (൪൮)

(പിന്നെ ഭീമസേനൻ പ്രവേശിക്കുന്നു)

ഭീമസേനൻ:—

പണ്ടരക്കുപുര കൊള്ളിവെച്ച പൊഴുതെ-
ൻെറ കൈകളിലെടുത്തുതാൻ
കൊണ്ടുപോന്നു, സഹജാതരെൻെറ ജനയി-
ത്രിയെന്നിവരെയൊക്കയും:
ഇന്നു ബാലനഭിമന്യുവേകനെ രഥത്തിൽ-
നിന്നിവനിറക്കിയി-
ട്ടിന്നുചെയ്യതിന്നു തുല്യമാം ശ്രമമിതെന്നു
തോന്നിടുവതുണ്ടു മേ! (൪൯)

കുമാരൻ ഇതിലെ ഇതിലെ.

(പിന്നെ അഭിമന്യുവുംബൃഹന്നളയും പ്രവേശിക്കുന്നു)

അഭിമന്യു:— ഹേ, ഇതാരാണ്,
പരപ്പേറും മാറും, ചെറിയ വയറും,
ചീർത്ത തുടയും,
സ്ഥിരോന്നമ്രം തോളും കൃശതരമര-
ക്കെട്ടുമുടയോൻ?

---

൪൮. സൌഭദ്രൻ=അഭിമന്യു.
൪൯. സഹജാതർ-സഹോദരർ. ജനയിത്രി=അമ്മ.

വെറും കൈകൊണ്ടേതന്തിസ്സുദ്ധമിവനെ-
ത്തിച്ചിതിഹ മാം;
കരുത്തൊരൊച്ചന്നിടിലുമിവനമ-
ത്തിലുടലിൽ മേ. (൪൩)

ബൃഹന്നള:— കുമാരൻ ഇതിലെ ഇതിലെ.

അഭിമന്യു:— എയ് ഇതാരാണ് മററാരാം-
ഇങ്ങനക്കറിയലാത്ത പെൺകുലവിഭൂ-
ഷമെയ്യേറാംകയാൽ
പിടിക്കുടയ കൊപ്പണിഞ്ഞൊരു കരി-
ന്ദ്രനെപ്പോലെയായ്,
ഉടൽപ്പരിചു താന്നതാകിലുമയ-
ച്ച് തേജസ്സിലാ-
ന്നു,മാവടിവെട്ടത്ത ധൂജ്ജടി കണ-
ക്കു ശോഭിപ്പവൻ? (൪൪)

ബൃഹന്നള — (സ്വകാര്യം) ഇവനെ ഇവിടെ കൊണ്ടു
വന്ന ജ്യേഷ്ഠൻ എന്താണിച്ചെയ്യുത്?
മുൻപോരിലേ വിജിതനെന്നപകീത്തി ചേർത്തു
മാഴ്കും സുഭദ്ര ദയിതാത്മജവിപ്രയോഗാൽ;
തോറെറന്നുവെച്ച ഭഗവാനിവനിൽക്കയെക്കും;
വാക്കെന്തിനേറെയിഹ, ബാഹുബലം കെട്ടതു!
(൪൫)

ഭീമസേനൻ:— അജ്ജുന—

ബൃഹന്നള:— അതേ, അജ്ജുനൻെറ മകനാണിവൻ!

---

൪൪. പെൺകുലവിഭൂഷ=സ്ത്രീകൾക്കു ചേന്ന ആഭരണം.

ഭീമസേനഃ— അതെ. (സ്വകാര്യം)

ഏവം ഞാനിവനെപ്പിടിച്ചതിലെഴും
കേടൊക്കെയോർക്കായ്കയി-
ല്ലേ:-വൻ ശത്രുകരത്തിലായ മകനെ-
ക്കണ്ടിട്ടു കൺ ചിമ്മിടും?
ആവുന്നോളമപത്യവത്സലതയാ
വീക്ഷിച്ചു കൊള്ളട്ടെ, മാൽ
താവും ദ്രൌപദിയെന്നു നണ്ണിയിവനെ-
ക്കൊണ്ടിങ്ങു പോന്നീടിനേൻ. (൪൬)

ബൃഹന്നള:— (സ്വകാര്യം) ജ്യേഷ്ഠ, സംസാരിച്ചുകേൾ-
ക്കാൻ എനിക്കു വളരെ കൌതുകമുണ്ടു്. ജ്യേ-
ഷ്ഠൻ ഇവനെ സംസാരിപ്പിക്കു.

ഭീമസേനൻ:— അങ്ങിനെതന്നെ. ഹേ, അഭിമന്യു,

അഭിമന്യു:— അഭിമന്യു എന്നോ?

ഭീമസേനൻ:— ഇവൻ എന്നോടു ശുണ്ഠിയെടുക്കയാ-
ണു്. താൻതന്നെ സംസാരിപ്പിച്ചുകൊൾക.

ബൃഹന്നള:— ഹേ അഭിമന്യു,

അഭിമന്യു:— എന്തു്? എന്തു്? അഭിമന്യു എന്നോ? ഹാ,

പേരെടുത്തു വിളിക്കുന്നു
നീചരും ക്ഷത്രവംശ്യരെ!
ഇതോ നടപ്പിങ്ങു? പിടി-
ച്ചതിൽപ്പെട്ടുമവജ്ഞയോ? (൪൭)

---

൪൬. അപത്യവത്സലതയാ=സന്താനവാത്സല്യത്താൽ.

൪൭. അവജ്ഞ=അനാദരം.

ബൃഹന്നള:— അഭിമന്യു, നിൻെറ അമ്മക്കു സുഖമല്ലല്ലേയോ?

അഭിമന്യു:— എന്തെന്നു്? അമ്മയേല്ലാ?

നിയാരുവാൻ യുധിഷ്ഠിര-
നരപതിയോ, ഭീമനോ, ധനഞ്ജയനോ?
എന്നൊടു പിതൃജനമട്ടിൽ
സ്ത്രീവൃത്താന്തം കടന്നു ചോദിപ്പാൻ? (൪വൃ)

ബൃഹന്നള:— അഭിമന്യു, ദേവകീപുത്രനായ കൃഷ്ണനു സുഖമല്ലേയോ?

അഭിമന്യു:— എന്തു് അവിടുത്തേയും പേർ മാത്രമോ? അതെ, അതെ, ഭവാൻെറ സ്നേഹിതന്നു സുഖം തന്നെ!

(രണ്ടാളും അന്യോന്യം നോക്കിച്ചിരിക്കുന്നു)

അഭിമന്യു:— എന്താണിപ്പോൾ എന്നെ പുച്ഛിച്ചു ചിരിക്കുന്നതു്?

ബൃഹന്നള:— ഒന്നുമില്ല:

അച്ഛനർജ്ജുനന,മ്മാമൻ
ജനാർദ്ദനനി,തോക്കുകിൽ,
തരുണൻ ശിക്ഷിതാസ്ത്രൻ നീ
പോരിൽത്തോററതു ചേരുമേ! (൪൯)

അഭിമന്യു:— പുലമ്പാതിരിക്കു.

---

൪വൃ. സ്ത്രീവൃത്താന്തം=സ്ത്രീകളുടെ വർത്തമാനം.
൪൯. തരുണൻ=ചെറുപ്പക്കാരൻ.

പതിവില്ലൊരു സംഗതിക്കുമാത്മ-
സ്തുതിചെയ്യെന്നതു ഞങ്ങൾതൻ കുലത്തിൽ;
ഹതരിൽത്തടവും ശരങ്ങൾ നോക്കൂ!
ബത! കണ്ടെത്തുകയില്ല പേരു വേറേ. (൭൦)

ബൃഹന്നള:— (ആത്മഗതം) ശരിയാണ് ഉണ്ണി പറഞ്ഞത്.

രഥാശ്വമത്തേഭഭടാൽക്കരത്തി-
ലൊന്നില്ലിവൻതൻ കണയേററിടാതെ;
പരിക്കെനിക്കും പെട്ടമായിരുന്നു,
രഥത്തെ ഞാനിട്ടു തിരിച്ചിടായ്കിൽ! (൭൧)

(പ്രകാശം) വാക്കിൽ വമ്പ് ഇങ്ങിനെ! എങ്ങിനെയാണ് ഒരു കാലാൾ പിടിച്ചുകളഞ്ഞത്?

അഭിമന്യു:—

അശസ്ത്രനായിട്ടാണേററ-
ത്തിൽ ഞാൻ പിടിപെട്ടുപോയ്:
അസ്ത്രഹീനനെയാരെയ്യു,-
മച്ഛൻപാർത്ഥനെയാകിൽ? (൭൨)

ഭീമസേനൻ:— (ആത്മഗതം)

ധന്യൻതാനർജ്ജുനൻ: നേരേ
കേട്ടല്ലോ ശ്ലാഘ്യമായിവൻ,

---

൭൦. ആത്മസ്തുതി=ആത്മപ്രശംസ. വേറെ=അഭിമന്യുവിൻേറതല്ലാതെ.

൭൨. അശസ്ത്രൻ=നിരായുധൻ [ആയുധത്തോടു കൂടാത്തവൻ]

യുദ്ധങ്ങളിൽ മകൻേറയു-
മച്ഛൻേറയും പരാക്രമം! (൩൩)

രാജാ:—അഭിമന്യുവിനെ വേഗം കൊണ്ടുവരു; വേഗം.

ബൃഹന്നള:— കുമാരൻ ഇതിലെ ഇതിലേ. ഇതാ, മഹാരാജാവ്. കുമാരൻ അടുത്തു ചെല്ലുക.

അഭിമന്യു:— ഉം, ആരുടെ മഹാരാജാവ്?

ബൃഹന്നള:—അരുതരുത്. ബ്രാഹ്മണനോടുകൂടി ഇരിക്കുന്നു.

അഭിമന്യു:—ബ്രാഹ്മണനോ? (അടുത്തുചെന്ന്) ഭഗവാനേ, ഞാൻ അഭിവാദ്യം ചെയ്യുന്നു.

സന്ന്യാസി:— വരു, വത്സ, ഉണ്ണി,

ധൈര്യം, മിടുക്കു, വിനയം, സ്വജനാനുകമ്പ,
മാധുര്യ്യ,മന്യവിജയം, നെടുവില്ലിൽ വീര്യം,
ഈമട്ടൊരച്ഛനുടെ സൽഗ്ഗുണമൊക്കെ നേടൂ
മറവുള്ള നാൽവരുടെ വേണ്ട ഗ്ഗുണത്തെയും നീ.
(൩൪)

അഭിമന്യു:—ഞാൻ അനുഗൃഹീതനായി.

രാജാ:—വരു, വത്സ, മകനേ! എന്താണെന്നെ അഭിവാദ്യം ചെയ്യാത്തത്? (ആത്മഗതം) അഹോ, കുറുമ്പനാണ് ഈ ക്ഷത്രിയക്കുട്ടി. ഞാൻ ഇവൻെറ ഗർവ്വു മാററാം. (പ്രകാശം) ആരാണിവനെ പിടിച്ചത്?

---

൩൪. സ്വജനാനുകമ്പ=കൂററുകാരിൽ ദയ.

ഭീമസേനൻ:— മഹാരാജാവേ, ഞാൻ.

അഭിമന്യു:— ഒരു നിരായുധൻ എന്നു പറയുക.

ഭീമസേനൻ:— ശാന്തം പാപം!

തോൾ തടിച്ചു മിനുത്തുള്ള
കൈകൾ താനെന്റെയായുധം;
പോരാട്ടമവകൊണ്ടേ ഞാൻ;
വില്ലെടുക്കുന്നു ദുർബലർ! (൫൫)

അഭിമന്യു:— ഓഹോ,

കൈത്തണ്ടൊരക്ഷൌഹിണിയാ-
ക്കാർതൻ വിഷ്ണുമകൈതവം,
ആ മദ്ധ്യമപിതാവോ നീ-
യഃ—വിടല്ലെടോത്തതിമൊഴി! (൫൬)

സന്ന്യാസി:— ഉണ്ണി, ആരാണീ മദ്ധ്യമൻ?

അഭിമന്യു:— കേട്ടാലും! അല്ലെങ്കിൽ, ഞങ്ങൾ ബ്രാഹ്മണരോട് ഉത്തരം പറയാറില്ല; മററാരാൾ ചോദിച്ചാൽ നന്ന്.

രാജാ:—ആവട്ടെ, ആവട്ടെ! ഉണ്ണി ഞാൻ ചോദിക്കാം. ആരാണീ മദ്ധ്യമൻ?

അഭിമന്യു:—കേട്ടുകൊൾക: യാതൊരാളാണോ,

പുരാ ജരാസന്ധനെ വൻകഴുത്തിൽ-
ക്കയ്യായ കാളക്കയറിട്ടു കെട്ടി,
അസാദ്ധ്യമാമപ്പണി ചെയ്തുതീർത്തു
കൃഷ്ണന്നു വെയ്ക്കാഞ്ഞതതാപ്പുമാൻ താൻ. (൫൭)

---

൫൬. അകൈതവം=കളവില്ലാത്തത്.

൫൭. അത്=ആ പണി. (ജരാസന്ധവധം)

രാജാ:—

അരിശം മമ നിന്റെ തള്ളലാലി-
ല്ല;-രിശം നീ പുനരല്പമുത്സവം മേ!
'നടകൊള്ളുക, നില്പതെന്തു നീ'യെ-
ന്നുരചെയ്യാലപരാധിയാകുമോ ഞാൻ? (൮൮)

അഭിമന്യു:— എന്നെ അനുഗ്രഹിക്കണമെന്നുണ്ടെങ്കിൽ,

പിടിച്ചതിന്നുചിതമാ-
മാചാരം ചെയ്ക കാൽകളിൽ;
കൈകൊണ്ടാനീതനെബ്ഭീമൻ
കൈകൊണ്ടേ വിട്ടുകൊണ്ടുപോം! (൮൯)

(അനന്തരം ഉത്തരൻ പ്രവേശിക്കുന്നു.)

ഉത്തരൻ:—

മിത്ഥ്യാപരിശ്ലാഘ കടുപ്പമയ്യോ!
മിത്ഥ്യാവചസ്സിൽ പ്രതിപത്തിപൂണ്ടോർ
യുദ്ധത്തിനെപ്പററിയുരയ്ക്കു, വാക്കാ-
ലൊത്താതിട്ടും ഞാൻ ഹൃദി ലജ്ജ കൊൾവൂ: (൯൦)

(അടുത്തു ചെന്നിട്ട്) ഭഗവാനേ, ഞാൻ അഭിവാദ്യം ചെയ്യുന്നു.

സന്ന്യാസി:—നല്ലതു വരട്ടെ!

ഉത്തരൻ:—അച്ഛ, ഞാൻ അഭിവാദ്യം ചെയ്യുന്നു.

രാജാ:—വരു, വത്സ, മകനേ, ദീർഘായുസ്സായിരിക്കുക.

---

൮൯. ആനീതൻ=കൊണ്ടുവരപ്പെട്ടവൻ.

൯൦. മിത്ഥ്യാപരിശ്ലാഘ= വാസ്തവവിരുദ്ധമായ ശ്ലാഘ.

ഉണ്ണി, വേല ചെയ്ത ഭടന്മാരെ പൂജിച്ചു കഴിഞ്ഞുവോ?

ഉത്തരൻ:— പൂജിച്ചുകഴിഞ്ഞു. ഏററവും പൂജിക്കേണ്ടുവനെ പൂജിക്കുക.

രാജാ:— മകനേ, ആരെ?

ഉത്തരൻ:— ഇതാ, അത്രഭവാൻ ധനഞ്ജയനെ.

രാജാ:— എന്ത്, ധനഞ്ജയനേയോ?

ഉത്തരൻ:— അതേ. ഇദ്ദേഹം,

ചുടുകാട്ടിൽനിന്നു വില്ലും
പടുകണ തീരാത്ത തൂണികളുമേന്തി,
അടരിൽബ്ഭീഷ്മാദിനൃപ-
ക്കടവും നമ്മൾക്കു രക്ഷയും നൽകി. (൯൫)

രാജാ:— ഇത് ഇങ്ങിനെയാണല്ലേ?

ബൃഹന്നള:— മഹാരാജാവു പ്രസാദിക്കേണേ, പ്രസാദിക്കേണേ!

കുട്ടിപ്പതറിച്ച പിടി-
ച്ചിട്ടിവനറിയുന്നതില്ല പൊരുളുകിലും;
ഒട്ടുക്കിതു താൻതാൻ ചെ-
യ്തിട്ടു പരൻ ചെയ്തതായ് നിനക്കുകയാം. (൯൬)

ഉത്തരൻ:— ഇവിടുന്നു സംശയം തീർത്തുകൊൾക: ഇതു പറഞ്ഞുതരും.

---

കൈത്തണ്ടമേൽ മറവില്ലാ-
യിതാ ഗാണ്ഡീവഞാൺവടു!

ഏറെ മാഞ്ഞുകഴിഞ്ഞിലി-
തിരാറാണ്ടുകൾ ചെൽകിലും. (൬൭)

ബൃഹന്നള:—

ഇതെൻ, കയ്ത്തണ്ടിൽ, വളക-
ളിട്ടിട്ടുണ്ടായിവന്നതായ്
ഇറക്കത്താൽ നിറം മാറി-
ച്ചമഞ്ഞൊരു തഴമ്പുതാൻ. (൬൮)

രാജാ:— ഞങ്ങൾ നോക്കട്ടെ.

ബൃഹന്നള:—

ഹരശരനിരയുടൽപുൽകിയ
ഭരതഭവൻ ജിഷ്ണുവാണു ഞാനെങ്കിൽ,
ഇതു ഭീമസേനനായ് വരു-;
മിതു നൂനം ധർമ്മപുത്രനൃപതിയുമാം. (൬൯)

രാജാ:— അല്ലയോ ധർമ്മരാജ, വൃകോദര, ധനഞ്ജയ, നിങ്ങളെന്താണ് എന്നെ വിശ്വസിക്കാത്തത്? ആവട്ടെ, സമയമാവട്ടെ. ബൃഹന്നളേ, നീ അകത്തേയ്ക്കു പോയ്ക്കൊൾക.

ബൃഹന്നള:— മഹാരാജാവിന്റെ കല്പന പോലെ.

യുധിഷ്ഠിരൻ:— അർജ്ജുന, അകത്തേക്കു പോകേണമെന്നില്ല; നമ്മുടെ പ്രതിജ്ഞ അവസാനിച്ചിരിക്കുന്നു.

അർജ്ജുനൻ:— ജ്യേഷ്ഠന്റെ കല്പന പോലെ.

---

൬൯. ഭരതഭവൻ=ഭരതവംശത്തിൽ ജനിച്ചവൻ. ജിഷ്ണു=അർജ്ജുനൻ.

രാജാ:—

പ്രതിജ്ഞ നിറവേററാനായ് -
സ്സത്യസംഗരർ പാണ്ഡവർ
ശ്ശൂരന്മാർ വാഴ്കയാൽപ്പാരം
ശുദ്ധമായ്ത്തീർന്നിതെൻകുലം! (൬൯)

അഭിമന്യു:— (ആത്മഗതം) ഈ മാന്യന്മാർ എന്റെ പിതാക്കന്മാരാണോ? അതുകൊണ്ടു തന്നെയാണ്,

പഴിയ്ക്കുമെന്നോടരിശപ്പെടാത്തതും,
ചിരിച്ചുകൊണ്ടെന്നെയുടൻ പഴിപ്പതും;
ശുഭാന്തമായ് ഗോഗ്രഹണപ്രസംഗ,മെൻ
പിതാക്കളെക്കണ്ടതുകൊണ്ടു ഭാഗ്യമേ! (൭൦)

(ഭീമസേനനോടു) അച്ഛാ,
മുല്പാടു വന്ദിച്ചീലല്ലോ
തൽപ്പാദ,മറിയാഞ്ഞു ഞാൻ;
മകന്റെയിത്തെററിൽ മനം
കനിഞ്ഞരുളിടേണമേ? (൭൧)

ഭീമസേനൻ:— മകനേ, വരു, വരു. നീ പിതാവിന്നൊത്ത പരാക്രമിയായി ഭവിച്ചാലും.

അഭിമന്യു:— ഞാൻ അനുഗൃഹീതനായി.

ഭീമസേനൻ:— മകനേ, അച്ഛനെ വന്ദിയ്ക്കു.

അഭിമന്യു:— അച്ഛാ, ഞാൻ അഭിവാദ്യംചെയ്യുന്നു.

---

൭൦. ശുഭാന്തം=ശുഭമായ അവസാനത്തോടുകൂടിയത്.

അൎജ്ജുനൻ:— ഉണ്ണി, വരൂ, വരൂ.

ചിത്താം കുളിൎപ്പിച്ചിടുമീ-
പ്പുത്രഗാത്രസമാഗമം,
പതിമ്മൂവാണ്ടു ചെന്നിട്ടു
ദൂരാൽത്തിരികെയ വന്നതാം! (൯൯)

ഉണ്ണി വിരാടരാജാവിനെ അഭിവാദ്യംചെയ്യു.

അഭിമന്യു:—ഞാൻ അഭിവാദ്യം ചെയ്യുന്നു.

രാജാ:— ഉണ്ണി, വരൂ, വരൂ.

ശ്രീമദ്യുധിഷ്ഠിരനു ചേൎന്ന മനസ്സുറപ്പും,
ഭീമന്റെ കെല്പു,മഥ വാസവിതൻ മിടുക്കും,
മാദ്രേയർതന്നഴകു, ബുദ്ധി, ജഗൽപ്രിയത്വം
ചാൎത്തുന്ന കൃഷ്ണനുടെ കീൎത്തിയുമേ്മല്ലു നീ താൻ!
(൧൦)

(ആത്മഗതം) ഉത്തരാസഹവാസം എനിക്കു മനശ്ശല്യമുണ്ടാക്കുന്നു. ഇപ്പോൾ എന്തു ചെയ്യേണ്ടു? ആവട്ടെ വഴി കണ്ടു. (പ്രകാശം) ആരവിടെ?

ഭടൻ:— (പ്രവേശിച്ചു്) മഹാരാജാവു സൎവ്വോൽക്കൎഷേണ വൎത്തിച്ചാലും!

രാജാ:— കുറെ വെള്ളം.

ഭടൻ:— കല്പനപോലെ. (പോയി, പ്രവേശിച്ചു്) ഇതാ, തണ്ണീർ.

---

൧൦. വാസവി=ഇന്ദ്രപുത്രൻ. [അൎജ്ജുനൻ]

രാജാ:— (വാങ്ങിയിട്ട്) അൎജ്ജുന, ഗോഗ്രഹണത്തിൽ ജയിച്ചതിന്നു പ്രതിഫലമായി ഉത്തരയെ വാങ്ങിക്കൊൾക.

യുധിഷ്ഠിരൻ:— (ആത്മഗതം) ഇതാ, തല താന്നു!

അൎജ്ജുനൻ:— (ആത്മഗതം) എന്റെ ചരിത്രം തൂക്കിനോക്കുകയാണോ? (പ്രകാശം) ഹേ, രാജാവേ,

അന്തഃപുരത്തെയെല്ലാം ഞാ-
നമ്മയെപ്പോലെ നണ്ണിനേൻ;
അങ്ങേകുമീയുത്തരയെ-
പ്പുത്രന്നായിട്ടു വാങ്ങുവൻ! (൫)

യുധിഷ്ഠിരൻ:— (ആത്മഗതം) ഇതാ തല ഉയൎന്നു!

രാജാ:—

ദൃഢാഹവശൂരരാം പുമാന്മാ-
രുടെ മൎയ്യാദയിലൂന്നിനിന്നിദാനീം
ശരിയായ് നിറവേററിവെച്ചിതന്തഃ-
പുരവാസത്തിനു തക്കതായ കൎമ്മം (൬)

ഇന്നു നല്ല നാളാണ്; ഉണ്ണിയുടെ വിവാഹം ഇന്നുതന്നെ നടത്താം.

യുധിഷ്ഠിരൻ:— ആവട്ടെ, ആവട്ടെ. പിതാമഹന്റെ അടുക്കലേയ്ക്ക് ഉത്തരനെ അയയ്ക്കാം.

രാജാ:— അങ്ങയുടെ ഇഷ്ടംപോലെ. ധൎമ്മരാജ,

വൃകോദരാ, ധനഞ്ജയ, വേന്മാർ ഇതിലെ, ഇതിലെ. ഈ സംഘോഷത്തെ കൂട്ടടിത്താനെ അകത്തേക്കു പോകാം.

എല്ലാവരും:— അങ്ങിനെതന്നെ.

(പോയി)

രണ്ടാമങ്കം കഴിഞ്ഞു.

—:o:—

# മൂന്നാമങ്കം

[ഒരു സൂതൻ പ്രവേശിക്കുന്നു]

സൂതൻ — ഹേ, ഹേ, സർവ്വക്ഷത്രിയാചാര്യരെ മുൻനിർത്തിയ ക്ഷത്രിയന്മാരോട് അറിയിക്കുവിൻ, അറിയിക്കുവിൻ! ഇതാ,

മുരാരിയുടെ ചക്രമെന്നതു നിനച്ചു കൂസാതെയും,
ചിരാപഗതരാം പൃഥാതനയരെഗ്ഗണിക്കാതെയും,
ശരിക്കു പടവില്ലിണങ്ങിയ കുരുക്കളെ കാക്കയാൽ
ഹരിച്ചിതഭിമന്യുവെ:-സ്സപദി ലജ്ജ പൂണ്ടിടുവിൻ!

---

൧. ചിരാപഗതർ=ഏറെക്കാലമായിട്ട് എങ്ങോട്ടോ പോയിരിക്കുന്നവർ. ഹരിച്ചു=കൊണ്ടുപോയി

(പിന്നെ ഭീഷ്മരും ദ്രോണരും പ്രവേശിക്കുന്നു)

ദ്രോണർ:— സൂത, പാക, പാക:

ആരാഹന്ത ഹരിച്ചു യുദ്ധപടുവാ-
മെൻ ശിഷ്യദായാദനെ?-
പ്പോരാടാൻ കൊതിയേവനുണ്ടിവിടെയെൻ
ദിവ്യാസ്ത്രവൃന്ദങ്ങളായ്?
പേരാളുമവയന്യമസ്ത്രബലവും
ചൊല്ലീടുകെല്ലാം ഭവാൻ;
പോരും പത്രികളായ ദൂതരെ മൂ-
ന്നുടൻ അയക്കട്ടെ ഞാൻ! (൨)

ഭീഷ്മർ:— സൂത, പാക, പാക:

തോററിട്ടൊഴിക്കലറിയാത്തവനെന്ന കേടാൽ
ചോരത്തിളപ്പൊടു പുറംതിരിയാതെ നില്ക്കെ,
ഇക്കൊച്ചുകുഞ്ഞനെയേതു ഗജപ്പിടുത്ത-
ക്കാരൻ പിടിച്ചിതിഹ കൂട്ടമകന്ന ലാക്കിൽ?
(൩

(അനന്തരം ദുര്യോധനനും, കർണ്ണനും, ശകുനിയും പ്രവേശിക്കുന്നു.)

ദുര്യോധനൻ:— സൂത, പാക, പാക: ആരാണ് അഭിമന്യുവിനെ കൊണ്ടുപോയത്? ഞാൻതന്നെ അവനെ വിടുവിക്കാം. എന്തുകൊണ്ടെന്നാൽ,

---

൨. പോരും=മൂർച്ചയുള്ള പത്രികൾ=ശരങ്ങൾ.

ഇവനുടയ പിതാക്കന്മാരിൽ ഞാൻ വൈരിയല്ലോ;
ജനനിയ്ക്കുമതിനാലേ ദോഷമെന്നിൽച്ചുമത്തും;
ഇവനിൽ മമതയും മേ കൂട്ടമാപ്പാർത്ഥരെക്കാ-
ളി,-ഹ കുലകലഹത്തിൽക്കുട്ടികൾക്കെന്തു കാറ്.? (൪)

കർണ്ണൻ:— ഗാന്ധാരീനന്ദന, അതിസ്നേഹത്തിലും അനുരൂപനിലയിലുമാണ് അങ്ങു പറഞ്ഞത്, എന്നാൽ,

ഓർക്കേണ്ട ബന്ധുനിലയോ ശിശുവെന്നതോ; നി-
ന്നിഷ്ടത്തിനല്ലിയടർമുന്നിലനർത്ഥമേറെ?
നാം രക്ഷ നൽകിയതുമില്ലഭിമന്യുവിന്നു;
ചാപം കളഞ്ഞിനിയെടുക്കുക വല്കലങ്ങൾ! (൫)

ശകുനി:— സൌഭദ്രനു രക്ഷിതാക്കന്മാർ വളരെയുണ്ടല്ലോ. വിട്ടതി കിട്ടിയതായിത്തന്നെ കരുതാം. എന്തുകൊണ്ടെന്നാൽ,

പാർത്ഥൻ തൻ മകനെന്നറിഞ്ഞു തനിയേ
കൈവിട്ടിടും; കൃഷ്ണനെ-
പ്പേർത്തും സമരാങ്കണാവജിതനെ-
ബ്ഭൂപൻ വിരാടൻ വിടും;
ചീറാത്താൽക്കരി വീശിടും മുസലിയെ-
പ്പേടിച്ചു വിട്ടെന്നുമാം;
ക്രൂരൻ മാരുതിയോ രിപുപ്രബലരെ-
ക്കൊന്നിട്ടു കൊണ്ടങ്ങുപോം. (൬)

---

൬. സമ... ജിതനെ=പോർക്കളത്തിൽനിന്നു പിടിച്ചുകൊണ്ടുപോകപ്പെട്ടവനെ. മുസലി=ബലരാമൻ. രിപുപ്രവരരെ=ബലമേറിയ വൈരികളെ.

ദ്രോണർ:— സൂത, പറക, പറക: എങ്ങിനെയാണ് പിടിയിൽപ്പെട്ടുപോയത്?

തേരെങ്ങാനും ചെരിഞ്ഞോ? കുതിര പതറിയോ?
ഭൂരി ചക്രത്തെ നിന്താൻ
പോരെന്നായോ? കഴിഞ്ഞോ കണകൾ? പിഴ നിനക്കേറിയോ? ഞാൺ മുറിഞ്ഞോ?
പോരിൽക്കൈടവമുണ്ടാം രഥികനു വിധിയാൽ;
ശത്രുശസ്ത്രങ്ങളേറാം
ചേരാം വല്ലായ്മ;-യെന്നാലവനരിയ പയററിന്നു മേലാളിയല്ലോ. (൧)

സൂതൻ:— തിരുമേനി ധനുർവ്വേദം പുരുഷാകൃതി പൂണ്ടതാണെന്ന് ഇവിടെയ്ക്കറിഞ്ഞുകൂടെയോ?

ഇതിൽബ് ഭവാൻ ചൊല്ലിയ ദോഷമൊന്നുമില്ല,സാക്ഷ്യബാണാനപിതന്നാ മഹാരഥൻ;
അലാതചക്രാപമതെൻെറ തേരെതിർത്തണഞ്ഞുകാലാളൊരുവൻ പിടിച്ചുതേ. (൨)

എല്ലാവരും:— കാലാളോ?

ദ്രോണർ:— എങ്ങിനെയുള്ളവനാണ് ആ കാലാൾ?

സൂതൻ:— രൂപമോ പരാക്രമമോ അടിയൻ പറയേണ്ടു?

ഭീഷ്മർ:— രൂപം സ്ത്രീകൾക്ക്; പുരുഷന്മാക്കു പരാക്രമമാണ്. അതിനാൽ, അവൻെറ പരാക്രമം പറയുക.

---

൧. രഥികൻ=തേരിലേറി പൊരുതുന്നവൻ.

സൂതൻ:— തിരുമേനി,—

ദുൎയ്യോധനൻ:—

എന്തിനായ് നീ പുകഴ്ത്തുന്നു:
ക്ഷേമമായിട്ടൊരുത്തനെ?
ചൊൽക, മേ ഭയമില്ലാ, യാൾ
വായുവേഗാഢ്യനാകിലും. (൯)

സൂതൻ:— മഹാരാജാവു കേൾക്കണം. ആ വാളാ കണ്ടു,

കുതിരകളെജ്ജവമോടു വ-
ന്നതിലാഘിച്ചഗ്രസീമ്നി കൈവെച്ചാൻ;
നിശ്ചലമായ് നിന്നു രഥം
നീട്ടിയ വാജികഴുത്തോടും! (൧൦)

ഭീഷ്മർ:— എന്നാൽ ആയുധം വെക്കണം.

എല്ലാവരും:— എന്തുകൊണ്ട്?

ഭീഷ്മർ:—

കൈവെച്ചു തേരിളകിടാതെ നിറുത്തിയെങ്കിൽ
ഭീമൻെറ വാർമടിയിലാണവനെന്നുറക്കാം:
പണ്ടായവൻ ദ്രുപദജാഹരണത്തിൽ വെന്നു-
വല്ലോ ജയദ്രഥനെയാശു പദാതിയായ്ത്താൻ.
(൧൧)

ദ്രോണർ:— ഗാംഗേയൻ പറയുന്നതു ശരിയാണ്. കുട്ടിക്കാലത്തു പഠിപ്പിച്ചുതുടങ്ങിയതുമുതൽക്ക് അവൻെറ ഗതിവേഗം എനിക്കറിയാം.

---

൧൦. വാജി=കുതിര.

കളരിയിൽ വെച്ച്,
ചെവിവരെയുമൊരമ്പവൻ വലിച്ചെ-
യ്യുളവു, ശിരസ്സു വിറച്ചതായുരച്ചൻ;
ഉടനവനിഷുവൊത്തു പോയ്പ്പിടിച്ചാൻ
ശരമതു, ലാക്കു തൊടുന്നതിന്നു മുന്നേ. (൬൨)

ശകുനി:— അയ്യ, ചിരി വരും പറയുന്നതു കേട്ടാൽ! ഞാൻ ഇവിടത്തോടൊന്നു ചോദിക്കട്ടെയോ?

ഇല്ലേ പാരിൽക്കരുത്തന്യ-
ന്നെല്ലാം ചെല്ലുന്നിതിഷ്ടരിൽ!
എങ്ങും നിറഞ്ഞുകാണുന്നോ
നിങ്ങളൊട്ടുക്കു പാർത്ഥരെ? (൬൩)

ഭീഷ്മർ:— ഗാന്ധാരരാജാവേ, എല്ലാം അനുമാനം കൊണ്ടു പറകയാണ്.

തേരേറി വില്ലമ്പു കരേന്തിയല്ലേ,
പോരിന്നു പോവുന്നു പരക്കെ നമ്മളും;
രണ്ടാൾ വെറും കയ്യൊടടക്കു ചെൽവോ-
രുണ്ടോ പ്രലംബാരി വൃകോദരന്മാർ! (൬൪)

ശകുനി:—

ആരോ തനിയേ വന്നു
സാഹസപരരായ നമ്മളെസ്സഹസാ;
ഉത്തരനാമവനേയും
ചിലരർജ്ജുനനെന്നുരച്ചേക്കാം! (൬൫)

---

൬൨. ഇഷു=ശരം.

൬൪. പ്രലം...... രന്മാർ=ബലരാമനും ഭീമനും.

ദ്രോണർ:— ഹേ, ഗാന്ധാരരാജാവേ, ഇതിലും ഭവാനു സംശയമുണ്ടോ?

ദൃഢമുത്തരനും വലിക്കുമോ വി-
ല്ലി,ടിവാളിൻെറയിരമ്പൽ ചേർത്തു പോരിൽ?
രവി,യുത്തരബാണരാജിയാലും
വെയിലററ്റിടയസ്തമിച്ചുപോമോ? (൧൬)

ഭീഷ്മർ:— ഗാന്ധാരീനന്ദന, വെളിവായിപ്പറയാം.

അങ്ങയ്ക്കു മനസ്സിലായില്ലേ,
ബാണപുംഖാക്ഷരം ചേർന്ന
ഞാൺനാവിൻ വചനങ്ങളാൽ?
വിൽ വലിച്ചതു പാർത്ഥൻതാൻ;
ചെവി നൽകീലയോ ഭവാൻ? (൧൭)

സൂതൻ:— (പ്രവേശിച്ച്) തിരുമേനി വിജയിച്ചാലും! ഒരു ശാന്തികർമ്മം കഴിയ്ക്കണം.

ഭീഷ്മർ:— എന്തിന്?

സൂതൻ:—

ഇതങ്ങു ചെയ്യാവണ്ടേല്ലാ
ധ്വജത്തെക്കണെ തീണ്ടിയാൽ;
ഇതാ, ആരുടെയോ ബാണം!
കടയ്ക്കൽക്കാണ്മതുണ്ടു പേർ. (൧൮)

ഭീഷ്മർ:— കൊണ്ടുവരൂ.

(സൂതൻ കൊണ്ടുചെല്ലുന്നു.)

---

൧൬. ഞാണൊലികളെ വാക്കുകളായി കല്പിച്ചിരിയ്ക്കുന്നു.

ഭീഷ്മർ:— (വാങ്ങി നോക്കിയിട്ട്) ഉണ്ണി, ഗാന്ധാര രാജാവേ, പ്രായാധിക്യത്താൽ എന്റെ കണ്ണിന്നു കാഴ്ച പോരാ. ഇതൊന്നു വായിക്കു.

ശകുനി:—(വാങ്ങി വായിച്ചിട്ട്) അർജ്ജുനന്റെ [എന്നു വലിച്ചെറിയുന്നു. അതു ദ്രോണരുടെ കാല്ക്കൽ വീഴുന്നു.]

ദ്രോണർ:— (ബാണമെടുത്തിട്ട്) ഉണ്ണി, വരു, വരൂ!

ഇതാ, ഭീഷ്മരെ വന്ദിപ്പാ-
നെൻ ശിഷ്യൻ വിട്ട സായകം,
എന്നെ ക്രമേണ വന്ദിപ്പാൻ
മന്നിൽ വീണിതു കാല്ക്കലായ്! (൧൯)

ശകുനി:— ശരംകൊണ്ടുള്ള ഊഹം ശരിയല്ല.

ഭടനർജ്ജുനനെന്നൊരുത്തനുണ്ടാം;
ദൃഢവീര്യമ്പവനെയ്തുവിട്ടതാവാം;
അഥവാ, തെളിവായ് വരുത്തിടേണം
ചിതമോടുത്തരനുള്ള കയ്യെഴുത്തും. (൨൦)

ദുര്യോധനൻ:—

അവർക്കു രാജ്യം നൽകിപ്പാ-
നനൃതം, ചൊൽവതാകിലോ!
ദൃഢം ധർമ്മജനെക്കണ്ടാൽ
കൊടുക്കാം പാതി നാടു ഞാൻ. (൨൧)

ഭടൻ:— (പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും! വിരാടനഗരത്തിൽനിന്ന് ഒരു ദൂതൻ വന്നിരിക്കുന്നു.

---

൨൧. അനൃതം=കളവ്

ദുൎയ്യോധനൻ:— കൂട്ടിക്കൊണ്ടു വാ.
ഭടൻ:— മഹാരാജാവിന്റെ കല്പനപോലെ. (പോയി)

[പിന്നെ ഉത്തരൻ പ്രവേശിക്കുന്നു.]

ഉത്തരൻ:—

മാൎഗ്ഗത്തുരഗങ്ങളെപ്പുരുജവ-
ത്തിലോടിച്ചില്ലിവം,
കുറച്ചു വഴി പോരുവാൻ മമ രഥം
വിളംബിച്ചുപോയ്;
കിരീടിശരകൃത്തരാം കരികളാൽ
നിരപ്പററതാം
ധരിത്രിയിൽ ഞെരുങ്ങിയാണഹഹ! പോ-
ന്നതെൻ വാജികൾ. (൨൨)

(അടുത്തുചെന്നു തൊഴുത്) ആചാൎയ്യപിതാമഹാദികളായ എല്ലാ രാജാക്കന്മാരേയും ഞാൻ അഭിവാദ്യംചെയ്യുന്നു.

എല്ലാവരും:— ഉണ്ണീ, ദീൎഘായുസ്സായിരിക്കുക!
ദ്രോണർ:— അവിടുന്ന്, വിരാടേശ്വരൻ എന്താണ് പറഞ്ഞയച്ചിട്ടുള്ളത്?
ഉത്തരൻ:— അവിടുന്നല്ല എന്നെ അയച്ചത്.
ദ്രോണർ:— പിന്നെ ആരാണ് ഉണ്ണിയെ പറഞ്ഞയച്ചത്?

---

൨൨ വിളംബിച്ചു=താമസിച്ചു കിരീടിശരകൃത്തർ=അൎജ്ജുനന്റെ ബാണങ്ങളേററു മെയ് മുറിഞ്ഞവുകൾ.

ഉത്തരൻ:— അത്രഭവാൻ യുധിഷ്ഠിരൻ.

ദ്രോണർ:— എന്താണ് ധർമ്മരാജൻ പറഞ്ഞയച്ചിട്ടുള്ളത്?

ഉത്തരൻ:— കേട്ടാലും:

ഉത്തരയെ സ്നുഷയായ് മേ
കിട്ടി; സ്വപന്മാരെ ഞാൻ ക്ഷണിക്കുന്നു;
അവിടെത്താനോ, ഇങ്ങോ,
പരിണയമെവിടത്തിൽ വെച്ചു ചെയ്യേണ്ടൂ? (൨൩)

ശകുനി:— അവിടെത്തന്നെ, അവിടെത്തന്നെ!

ദ്രോണർ

ഏവം ഞാൻ വാർത്തയെത്തിച്ചേൻ,
തീർന്നിട്ടില്ലഞ്ചുരാത്രിയും;
ധർമ്മത്താലോരതാം ഭിക്ഷ
ധർമ്മത്താൽത്തന്നെ നൽക മേ! (൨൪)

ദുര്യോധനൻ:—

ഓഹോ, രാജ്യമിതാ, നൽകി
മുന്മട്ടിൽപ്പാണ്ഡവർക്കു ഞാൻ:
ചത്താലും മർത്ത്യരെപ്പേരും
സത്യം നിൽക്കുകിൽ നിൽക്കുമേ!

---

൨൪. വാർത്ത=പാണ്ഡവന്മാരുടെ വർത്തമാനം.

ദ്രോണർ:—

അഹോ! സന്തുഷ്ടർ നാമെല്ലാം
ഗൃഹച്ഛിദ്രം നശിക്കയാൽ
ഇമ്മന്നൊക്കെബ്ഭരിയ്ക്കട്ടേ
നമ്മാംതൻ നൃപപുംഗവൻ!

(എല്ലാവരും പോയി)

മൂന്നാം അങ്കം കഴിഞ്ഞു.

ശുഭമസ്തു

UNIVERSITY ... 25. JUL 1911 ... MADRAS

MUL
041975